2026
JUNE
15
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# കുതിച്ചുകയറി വിലക്കയറ്റം

**കൊച്ചി:** ശങ്കയായി രാജ്യത്തെ വിലക്കയറ്റത്തോതിൽ വീണ്ടും വർധന. ഏപ്രിലിൽ 3.48 ശതമാനമായിരുന്ന ചില്ലറ വിലക്കയറ്റത്തോത് (കൺസ്യൂമർ പ്രൈസ് ഇൻഡക്സ്) മേയിൽ 3.9 ശതമാനമായി വർധിച്ചെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയം വ്യക്തമാക്കി. തുടർച്ചയായ അഞ്ചാം മാസമാണ് വർധന. ഇറാൻ യുഎസ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നിരക്ക് 4.1 ശതമാനത്തിനു മുകളിലേക്ക് ഉയരുമെന്നായിരുന്നു സാമ്പത്തിക വിദഗ്ധരുടെ പ്രവചനം. എന്നാൽ മേയിലെ നിരക്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണ പരിധിയായ നാലു ശതമാനത്തിന് തൊട്ടുപിന്നിലെത്തി. വിലക്കയറ്റത്തോത് സ്ഥിരമായി 4 ശതമാനത്തിൽ താഴെ നിർത്തുകയാണ് റിസർവ് ബാങ്കിന്റെ ലക്ഷ്യം. ഇക്കൊല്ലം ജനുവരി മുതൽ പണപ്പെരുപ്പം കണക്കാക്കുന്ന അടിസ്ഥാന വർഷം (ബേസ് ഇയർ) 2012ൽ നിന്നു 2024ലേക്ക് മാറ്റിയിരുന്നു.



കേരളത്തിന്റെ വിലക്കയറ്റത്തോതിലും വർധനയുണ്ട്. ഏപ്രിലിൽ 3.77 ശതമാനമായിരുന്ന നിരക്ക് മേയിൽ 4.30 ശതമാനമായാണ് കൂടിയത്. മാർച്ചിൽ ഇത് 3.62 ശതമാനമായിരുന്നു. സംസ്ഥാനങ്ങളുടെ പട്ടികയിൽ ഇക്കുറിയും ആറാമതാണ് കേരളം. കഴിഞ്ഞ വർഷം ജനുവരി മുതൽ ഡിസംബർ വരെയുള്ള തുടർച്ചയായ 12 മാസം രാജ്യത്തെ ഏറ്റവും വിലക്കയറ്റത്തോതുള്ള സംസ്ഥാനമെന്ന ചീത്തപ്പേര് കേരളത്തിനായിരുന്നു. എന്നാൽ പണപ്പെരുപ്പം കണക്കാക്കാൻ പുതിയ അടിസ്ഥാന വർഷം കൊണ്ടുവന്നതോടെ ഇക്കൊല്ലം ജനുവരിയിൽ രണ്ടാം സ്ഥാനത്തെത്തി. മാർച്ചിൽ ഏഴാം സ്ഥാനത്തെത്തിയെങ്കിലും കഴിഞ്ഞ രണ്ടു മാസമായി വിലക്കയറ്റത്തിൽ ആറാം സ്ഥാനത്താണ് കേരളം. മേയിൽ നിരക്ക് വർധിച്ചതും റിസർവ് ബാങ്കിന്റെ നിയന്ത്രണപരിധിക്ക് മുകളിൽ നിലനിൽക്കുന്നതും ആശങ്കയാണ്. വി.ഡി.സതീശൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം പുറത്തുവരുന്ന ആദ്യ വിലക്കയറ്റ കണക്കാണിത്. കേരളത്തിൽ വിലക്കയറ്റം രൂക്ഷമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ ഇക്കുറി ബജറ്റിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ എന്തൊക്കെ പ്രഖ്യാപനങ്ങളുണ്ടാകുമെന്നാണ് ഏവരും ഉറ്റുനോക്കുന്നത്.

6.15 ശതമാനവുമായി തെലങ്കാനയാണ് സംസ്ഥാനങ്ങളുടെ പട്ടികയിൽ ഇക്കുറിയും ഒന്നാം സ്ഥാനത്ത്. 5.11 ശതമാനം വിലക്കയറ്റത്തോത് രേഖപ്പെടുത്തിയ തമിഴ്നാട് പട്ടികയിൽ രണ്ടാം സ്ഥാനത്തുണ്ട്. ആന്ധ്രപ്രദേശ് (4.90 ശതമാനം), കർണാടക (4.59 ശതമാനം), ഒഡിഷ (4.54 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ. മിസോറാമാണ് ഏറ്റവും കുറവ് വിലക്കയറ്റത്തോത് രേഖപ്പെടുത്തിയ സംസ്ഥാനം. കേവലം 1.03 ശതമാനം മാത്രം.

തൊട്ടുമുൻവർഷത്തെ അപേക്ഷിച്ച് രാജ്യത്തെ ഭക്ഷ്യവിലക്കയറ്റം മേയിൽ 4.78 ശതമാനമായി വർധിച്ചതായും കണക്കുകൾ പറയുന്നു. ഗ്രാമമേഖലകളിൽ ഇത് 4.85 ശമതാനവും നഗരങ്ങളിൽ 4.66 ശതമാനവുമാണ് വിലക്കയറ്റം.

പാൻമസാല, പുകയില തുടങ്ങിയ ഉൽപന്നങ്ങളുടെ വില 4.83 ശതമാനം വർധിച്ചു. വസ്ത്രങ്ങളുടെയും പാദരക്ഷകളുടെയും വില 2.98 ശതമാനവും കൂടി. ഹൗസിങ്, വാട്ടർ, വൈദ്യുതി,ഗ്യാസ് തുടങ്ങിയവയുടെ വില 1.73 ശതമാനം വർധിച്ചതായും കണക്കുകൾ പറയുന്നു.

ഉരുളക്കിഴങ്ങ്, പയർ, കാറുകൾ, ജീരകം, മോട്ടോർ സൈക്കിളുകളും സ്കൂട്ടറുകളും എന്നിവയ്ക്കാണ് ഏറ്റവും കുറവ് വിലക്കയറ്റം രേഖപ്പെടുത്തിയത്. വെള്ളി, തക്കാളി, സ്വർണം, ഇഞ്ചി, കിസ്മിസ് തുടങ്ങിയ ഉൽപന്നങ്ങൾക്കാണ് ഏറ്റവും കൂടുതൽ വിലക്കയറ്റമുണ്ടായതെന്നും കണക്ക്.

# ചരിത്രം കുറിച്ച് ഇലോൺ മസ്ക്; ലോകത്തെ ആദ്യത്തെ ട്രില്യണർ



**ന്യൂയോർക്ക്:** സ്പേസ് എക്സ് കമ്പനിയുടെ ഓഹരിവിപണി പ്രവേശനത്തോടെ (ഐപിഒ) ടെസ്‌ല മേധാവി ഇലോൺ മസ്ക് ലോക ചരിത്രത്തിലെ ആദ്യ 'ട്രില്യണർ' (ഒരു ലക്ഷം കോടി ഡോളറിലധികം ആസ്തിയുള്ളയാൾ) എന്ന റിക്കാർഡിലേക്ക്. ആഗോള സാമ്പത്തിക മേഖലയെയും ഓഹരി വിപണിയെയും അമ്പരപ്പിച്ചുകൊണ്ടാണ് മസ്കിന്റെ ഈ സമാനതകളില്ലാത്ത കുതിപ്പ്.

നിലവിൽ 69,600 കോടി ഡോളർ ആസ്തിയുള്ള മസ്കിന്, സ്പേസ് എക്സിലുള്ള 42 ശതമാനം ഓഹരി പങ്കാളിത്തം വഴി ആസ്തി ഒരു ലക്ഷം കോടി ഡോളറും മറികടക്കുമെന്നാണ് ബ്ലൂംബെർഗ് ബില്യണയർ സൂചിക വ്യക്തമാക്കുന്നത്.

ഡോണൾഡ് ട്രംപ് ഭരണകൂടവുമായുള്ള മസ്കിന്റെ അടുത്ത ബന്ധവും രാഷ്ട്രീയ ഇടപെടലുകളും കഴിഞ്ഞ വർഷങ്ങളിൽ വലിയ വിമർശനങ്ങൾക്കും ടെസ്‌ലയുടെ വിപണി ഇടിവിനും കാരണമായിരുന്നു. എന്നാൽ ഈ പ്രതിസന്ധികളെയെല്ലാം കാറ്റിൽപ്പറത്തിയാണ് പുതിയ മുന്നേറ്റം.

മസ്കിന്റെ പുതിയ ആസ്തിയുടെ വ്യാപ്തി സാധാരണ മനുഷ്യന്റെ ചിന്തകൾക്കും അപ്പുറമാണെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. അന്താരാഷ്ട്ര സംഘടനയായ ഓക്സ്ഫാമിന്റെ കണക്കനുസരിച്ച്, ഇലോൺ മസ്ക് പ്രതിദിനം 10 ലക്ഷം ഡോളർ (ഏകദേശം 8.3 കോടി രൂപ) വീതം ചെലവഴിച്ചാൽ പോലും ഒരു ട്രില്യൺ ഡോളർ തീർക്കാൻ 2,740 വർഷങ്ങൾ വേണ്ടിവരും.

നിലവിൽ ലോകത്തിലെ രണ്ടാമത്തെ സമ്പന്നനായ ഗൂഗിൾ സഹസ്ഥാപകൻ ലാറി പേജിനേക്കാൾ (30,400 കോടി ഡോളർ) മൂന്നിരട്ടിയിലധികം സമ്പത്താണ് മസ്കിന് ഇപ്പോൾ ഉള്ളത്. തായ്‌വാൻ, അയർലൻഡ്, സിംഗപ്പൂർ തുടങ്ങിയ പല വികസിത രാജ്യങ്ങളുടെയും മൊത്തം ആഭ്യന്തര ഉത്പാദനത്തേക്കാൾ വലിയ തുകയാണ് ഇലോൺ മസ്ക് എന്ന ഒറ്റ വ്യക്തിയുടെ കൈകളിൽ ഉള്ളത്. നിലവിലെ ആസ്തി വഴി മസ്ക് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ മൂന്നു ശതമാനത്തോളം കൈയാളുന്നു.

രാജഭരണാധികാരികളെ ഒഴിവാക്കിയാൽ മനുഷ്യചരിത്രത്തിൽ ഇന്നേവരെ ജീവിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ സമ്പന്നനായി മസ്ക് മാറിയിരിക്കുകയാണെന്ന് ഇറ്റലിയിലെ ബൊക്കോണി സർവകലാശാലയിലെ പ്രഫസർ ഗൈഡോ അൽഫാനി നിരീക്ഷിക്കുന്നു.

അതേസമയം, ഓഹരി വിപണിയിലെ ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാണ് ഈ സമ്പത്തെന്നും, സാങ്കേതിക വിപണിയിലുണ്ടാകുന്ന തകർച്ച മസ്കിന്റെ ആസ്തിയിൽ വലിയ മാറ്റങ്ങൾ വരുത്തിയേക്കാമെന്നും സാമ്പത്തിക വിദഗ്ധർ ഓർമിപ്പിക്കുന്നു.

# 170 ലോക്സഭാ മണ്ഡലങ്ങൾ വിഭജിക്കാൻ ശുപാർശ; കേരളത്തിലെ മണ്ഡലങ്ങൾ 30 ആകും

**ന്യൂഡൽഹി:** രാജ്യത്തെ 543 ലോക്സഭാ മണ്ഡലങ്ങളിൽ 170 എണ്ണം വിഭജിച്ച് അതിരുകൾ പുനർ നിർണയിക്കാൻ ശിപാർശ. പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ അംഗങ്ങളായ ഷാമി രവിയും മുദിത് കപൂറും ചേർന്ന് തയാറാക്കിയ മണ്ഡല പുനർ നിർണയ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചു.

വലിയ മണ്ഡലങ്ങളാണ് വിഭജിക്കുക. 170 മണ്ഡലങ്ങളിൽ 59 മണ്ഡലങ്ങൾ രണ്ടായും 111 മണ്ഡലങ്ങൾ മൂന്നായും വിഭജിക്കണം. കേരളം, തമിഴ്നാട്, കർണാടക തുടങ്ങിയ ദക്ഷിണ ഭാരത സംസ്ഥാനങ്ങളിലെ വലിയ മണ്ഡലങ്ങളും ഉൾപ്പെടുന്നു. ഇത് നടപ്പായാൽ കേരളത്തിലെ ലോക്സഭാ സീറ്റുകളുടെ എണ്ണം 20ൽ നിന്ന് 30 ആയി ഉയരും. തമിഴ്നാട് 39ൽ നിന്ന് 59, കർണാടക 28ൽ നിന്ന് 42, തെലങ്കാന 17ൽ നിന്ന് 28, ആന്ധ്രപ്രദേശ് 25ൽ നിന്ന് 38, ഉത്തർപ്രദേശ് 80ൽ നിന്ന് 120, മഹാരാഷ്ട്ര 48ൽ നിന്ന് 72 എന്നിങ്ങനെയാണ് വർദ്ധിക്കുന്നത്.

2027ലെ സെൻസസിന് ശേഷം മണ്ഡല പുനർ നിർണയം നടപ്പാക്കാനാണ് സമിതി ശുപാർശ. മണ്ഡലത്തിന്റെ വലുപ്പം, ജനസംഖ്യ എന്നിവയുടെ അടിസ്ഥാനത്തിലാണ് വിഭജിക്കുന്നത്.

രാജ്യവ്യാപകമായി അതിർത്തി നിർണയം നടത്തുന്നതിനും ലോക്സഭാ സീറ്റുകൾ 550ൽ നിന്ന് 824 ആയി ഉയർത്താനും ലോക്സഭ, നിയമസഭ സീറ്റുകൾ മൂന്നിലൊന്ന് സ്ത്രീകൾക്കായി സംവരണം ഏർപ്പെടുത്താനുമുള്ള ബില്ലുകൾ പാർലമെന്റിൽ വീണ്ടും അവതരിപ്പിക്കാനുള്ള തീരുമാനത്തിലാണ് കേന്ദ്രം. അതിനിടയിലാണ് മണ്ഡലം പുനർ വിഭജിക്കാനുള്ള ശുപാർശ.

സ്ത്രീകൾക്ക് മാത്രമായുള്ള പോളിങ് ബൂത്തുകൾ വേണമെന്നും പോളിങ് സമയം കൂട്ടണമെന്നും ശുപാർശയിലുണ്ട്.






## എം.ജി സർവകലാശാല

### കരാർ നിയമനം

**കോട്ടയം:** എം.ജി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനമെങ്കിലും പരമാവധി മൂന്ന് വർഷം വരെ നീട്ടിയേക്കാം. പ്രതിമാസം 60,000 രൂപയാണ് പ്രതിഫലം. പ്രായപരിധി 50 വയസ്സ്. കെമിസ്ട്രി/പോളിമർ സയൻസിൽ എം.എസ്സിയും, പോളിമർ സയൻസ്/നാനോടെക്നോളജി/എനർജി മെറ്റീരിയൽസിൽ പിഎച്ച്.ഡിയും, ഉന്നത നിലവാരമുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങളുമുള്ളവർക്ക് അപേക്ഷിക്കാം. അന്താരാഷ്ട്ര ലാബുകളിലെ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന.

താത്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച്, ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം ada5@mgu.ac.in എന്ന ഇമെയിലിലോ, രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം 686560 എന്ന വിലാസത്തിൽ തപാൽ വഴിയോ അപേക്ഷിക്കുക. കവറിനു പുറത്ത് തസ്തികയുടെ പേര് രേഖപ്പെടുത്തണം. ജൂൺ 22 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: mgu.ac.in

### വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്ഡബ്ല്യു (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ പ്രൊജക്റ്റ് / വൈവ വോസി പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎസ് സി സുവോളജി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026ന്റെ പ്രാക്ടിക്കൽ, പ്രൊജക്റ്റ് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ മാസ്റ്റ!ർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മൻറ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 17 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎസ് സി കമ്പ്യൂട്ടർ സയൻസ് (സിഎസ്എസ്) (ഡാറ്റാ അനലിറ്റിക്സ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ് ആൻറ് വൈവ വോസി പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാ ഫലം

ആറാം സെമസ്റ്റർ ബി.വോക്ക് (പുതിയ സ്കീം2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻറ് സ്പോർട്സ് (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016, 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംഎസ്.സി ഇൻഫർമേഷൻ ടെക്നോളജി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ് ഇവാലുവേഷൻ/വൈവ വോസി പരീക്ഷകൾ ജൂൺ 19ന് കോന്നി വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് ആൻറ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

നാലാം സെമസ്റ്റർ കമ്പ്യൂട്ടർ സയൻസ് മോഡൽ3 (സിബിസിഎസ്) (പുതിയ സ്കീം2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഏപ്രിൽ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 18, 19 തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

# അന്യസംസ്ഥാനത്തൊഴിലാളികളുടെ കൂലി വർധനയിൽ പ്രതിസന്ധി

**പെരുമ്പാവൂർ:** നിർമാണ മേഖലയിൽ മേസ്തിരിക്ക് പ്രതിദിനം 1100 രൂപയും സഹായിക്ക് 900 രൂപയും നൽകും. അന്യസംസ്ഥാനത്തൊഴിലാളികളുടെ കൂലി വർധനയിൽ പ്രതിസന്ധിയിലായ നിർമാണ കരാറുകാർ കർശന നിലപാടിലേക്ക്. സർക്കാർ, സ്വകാര്യ കരാറുകാരായ 200ൽപരം പേർ അംഗങ്ങളായി രൂപീകരിച്ച കോൺട്രാക്ടേഴ്സ് അസോസിയേഷൻ പെരുമ്പാവൂർ മേഖലയാണ് കൂലി നിശ്ചയിച്ചത്.



മേസ്തിരിമാർ 1500 രൂപയും സഹായികൾ 1300 രൂപയുമാണ് ആവശ്യപ്പെടുന്നത്. അസം, ബംഗാൾ തൊഴിലാളികൾ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നാട്ടിലേക്കു പോയപ്പോഴുണ്ടായ തൊഴിലാളി ക്ഷാമം മുതലെടുത്താണ് കൂലി വർധന ആവശ്യപ്പെട്ടത്. മേസ്തിരിക്ക് 935 രൂപയും സഹായിക്ക് 845 രൂപയുമാണ് സർക്കാർ കൂലി നിശ്ചയിച്ചിരിക്കുന്നതെന്നു ഭാരവാഹികൾ പറഞ്ഞു.

കരാറുകാരിൽ പലരും ഉടമകളുടെ കരാറുണ്ടാക്കി കെട്ടിടങ്ങളും വീടുകളും നിർമിക്കുന്നവരാണ്. അസംസ്കൃത വസ്തുക്കളുടെ വിലവർധനയും നികുതി വർധനയും മൂലം നിർമാണ ചെലവുയർന്നതിനു പിന്നാലെയാണ് തൊഴിലാളികൾ അന്യായമായ കൂലി ആവശ്യപ്പെടുന്നതെന്നു ഭാരവാഹികൾ പറഞ്ഞു. ഒന്നോ രണ്ടോ ദിവസം വീടുകളിലെ അറ്റകുറ്റപ്പണികൾക്കോ കൃഷിപ്പണികൾക്കോ വീട്ടുപണികൾക്കോ വിളിക്കുന്നവർക്ക് കൂലി വർധന പ്രശ്നമല്ലെങ്കിലും സ്ഥിരമായി ഇവരെ ആശ്രയിക്കുന്ന കരാറുകാർക്ക് വലിയ ബാധ്യതയാണുണ്ടാകുന്നത്.

കൂലി ഏകീകരിച്ചു സർക്കാരോ തദ്ദേശ സ്ഥാപനങ്ങളോ ഉത്തരവിറക്കണം. കൂലി വർധനയും ലഹരി മരുന്ന് ഉപയോഗവും തടയുന്നതിനായി ഫ്ലെക്സ് ബോർഡുകൾ സ്ഥാപിക്കാനും ബോധവൽക്കരണം നടത്താനും മൈക്ക് അനൗൺസ്മെന്റ് നടത്താനും അസോസിയേഷൻ രൂപീകരണ യോഗം തീരുമാനിച്ചു.

ബന്ധപ്പെട്ട അധികൃതർക്കു പരാതി നൽകി. ഭാരവാഹികൾ: ടി.വി.അലിയാർ (പ്രസി),റഷീദ് കുളിയാടൻ (ജന. സെക്ര), ഷഫീഖ് തേക്കലക്കുടി (ട്രഷ). അന്യസംസ്ഥാനത്തൊഴിലാളികളുടെ അന്യായ കൂലി വർധനയും നിർമാണ കരാറുകാരുടെ പ്രശ്നങ്ങളും തൊഴിൽ വകുപ്പ് മന്ത്രിയുടെയും ലേബർ കമ്മിഷണറുടെയും ശ്രദ്ധയിൽപെടുത്തുമെന്നു മനോജ് മൂത്തേടൻ എംഎൽഎ അറിയിച്ചു.




# മാലിന്യത്തിൽ നിന്ന് അത്ഭുതം; സോഡാക്കുപ്പിയുടെ അടപ്പുകളിൽ മെസ്സിയും നെയ്മറും റൊണാൾഡോയും

## നിർമ്മലാ കോളേജിൽ ലോകകപ്പ് ഇൻസ്റ്റലേഷൻ ശ്രദ്ധേയമാകുന്നു

**മൂവാറ്റുപുഴ:** ലോകകപ്പ് ഫുട്ബോൾ ആവേശത്തിന് മാറ്റുകൂട്ടി മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ ഒരുക്കിയ വേറിട്ട ഇൻസ്റ്റലേഷൻ ശ്രദ്ധേയമാകുന്നു. 'വേസ്റ്റ് ടു വണ്ടർ' എന്ന ആശയം മുൻനിർത്തി, ഉപയോഗശൂന്യമായി തള്ളിക്കളയുന്ന സോഡാക്കുപ്പിയുടെ അടപ്പുകൾ ഉപയോഗിച്ചാണ് ലോക ഫുട്ബോളിലെ വിസ്മയങ്ങളായ ലയണൽ മെസ്സി, നെയ്മർ ജൂനിയർ, ക്രിസ്റ്റ്യാനോ റൊണാൾഡോ എന്നിവരുടെ കൂറ്റൻ മുഖചിത്രങ്ങൾ കോളേജിൽ പുനഃസൃഷ്ടിച്ചിരിക്കുന്നത്.

നിർമ്മലാ കോളേജിലെ പൂർവ്വവിദ്യാർത്ഥിയായ അജയ് വി. ജോണിന്റെ നേതൃത്വത്തിൽ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും കൈകോർത്താണ് ഈ ക്രിയേറ്റീവ് ഇൻസ്റ്റലേഷൻ ഒരുക്കിയത്. വളരെ കുറഞ്ഞ ചെലവിൽ പരിസ്ഥിതി സൗഹൃദപരമായ സന്ദേശം കൂടി പങ്കുവെക്കുന്ന ഈ കലാസൃഷ്ടി പൂർത്തിയാക്കാൻ ഒരു മാസം നീണ്ടുനിന്ന കഠിനാധ്വാനം വേണ്ടിവന്നു. വിദ്യാർത്ഥികൾ ശേഖരിച്ച പതിനായിരകണക്കിന് സോഡാക്കുപ്പി അടപ്പുകളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്.

കോളേജ് മാനേജർ ഡോ. പയസ് മലേക്കണ്ടത്തിൽ ഇൻസ്റ്റലേഷന്റെ ഔദ്യോഗിക അനാവരണം നിർവ്വഹിച്ചു.

വിദ്യാർത്ഥികൾക്കിടയിലും പൊതുസമൂഹത്തിലും പരിസ്ഥിതി ബോധവൽക്കരണവും കായികാവേശവും ഒരുപോലെ വളർത്താൻ ഇത്തരം വേറിട്ട ചിന്തകൾക്ക് സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പാളുമാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. ലോകകപ്പ് കാലയളവിൽ കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ഈ ഇൻസ്റ്റലേഷൻ പ്രദർശിപ്പിക്കും.

## എം.ജി സർവകലാശാല

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക്ക് (2025 അഡ്മിഷൻ റഗുലർ, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ജൂലൈ 6 മുതൽ നടക്കും. ജൂൺ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 24 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 26 വരെയും അപേക്ഷ സ്വീകരിക്കും.

### വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്.സി ഫിസിക്സ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) മാർച്ച് 2026 ന്റെ പ്രാക്ടിക്കൽ പ്രൊജക്റ്റ് ആന്റ് വൈവ വോസി പരീക്ഷകൾ ജൂൺ 15 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎ ഹിസ്റ്ററി/ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ പ്രൊജക്റ്റ് / വൈവ വോസി പരീക്ഷകൾ ജൂൺ 23 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എംഎസ് സി അനലറ്റിക്കൽ കെമിസ്ട്രി (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 19 മുതലും പ്രൊജക്റ്റ് ആൻഡ് വൈവ വോസി പരീക്ഷകൾ ജൂലൈ 1 മുതലും നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ മാസ്റ്റേഴ്സ് ഓഫ് ഹോട്ടൽ മാനേജ്മെൻറ് (എംഎച്ച്എം) (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 17 മുതൽ സൂര്യനെല്ലി മൗണ്ട് റോയൽ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

നാലാം സെമസ്റ്റർ ബി.വോക്ക് ബിസിനസ്സ് അകൗണ്ടിംഗ് ആൻറ് ടാക്സേഷൻ (പുതിയ സ്കീം2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 17 മുതൽ 19 വരെ തീയതികളിലായി മുരിക്കാശ്ശേരി, പാവനാത്മാ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

## കുസാറ്റ് ഒഴിവുകൾ: സെക്യൂരിറ്റി ഗാർഡ്

**കൊച്ചി:** കുസാറ്റിൽ കരാർ അടിസ്ഥാനത്തിൽ നിയമനം. പത്താം ക്ലാസ്/ തത്തുല്യ യോഗ്യത പാസായിരിക്കണം, സൈന്യം/ സെൻട്രൽ റിസേർവ് പോലീസ് ഫോഴ്സ്/ ബോർഡർ സെക്യൂരിറ്റി ഫോഴ്സ്/ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്/ ഇന്തോടിബറ്റൻ ബോർഡർ പോലീസ് സശസ്ത്ര സീമാ ബൽ തുടങ്ങി സൈനിക/ അർധസൈനിക വിഭാഗങ്ങളിൽ അഞ്ച് വർഷത്തെ സേവന പരിചയം, നല്ല ശാരീരിക ഘടന, ഉയർന്ന പ്രായപരിധി 56 വയസ് (01.01.2026 കണക്കാക്കി) എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 3 ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെ സ്വയം സാക്ഷ്യംവഹിച്ച കോപ്പയിലും, വയസ് യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22 എന്ന വിലാസത്തിൽ ജൂലൈ 10ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

### ഓവർസീയർ (ഇലക്ട്രിക്കൽ)

**കൊച്ചി:** കുസാറ്റ് എൻജിനീയറിങ് വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം. ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ മൂന്ന് വർഷ ഡിപ്ലോമ, സർക്കാർ അംഗീകൃത ഇലക്ട്രിക്കൽ വിഭാഗത്തിൽ രണ്ട് വർഷ പ്രവർത്തി പരിചയം എന്നിവയാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 30ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെ സ്വയം സാക്ഷ്യംവഹിച്ച കോപ്പയിലും, വയസ് യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22 എന്ന വിലാസത്തിൽ ജൂലൈ 6ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

### ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III

**കൊച്ചി:** കുസാറ്റ് മറൈൻ ജിയോളജി ആൻഡ് ജിഫിസിക്സ് വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ നിയമനം. മറൈൻ ജിയോളജിയിൽ ബിരുദാന്തര ബിരുദമാണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 6ന് മുൻപായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെ സ്വയം സാക്ഷ്യംവഹിച്ച കോപ്പയിലും, വയസ് യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ കോപ്പിയും രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി22' എന്ന വിലാസത്തിൽ ജൂലൈ 14ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം.

അപേക്ഷകൾക്കും മറ്റ് വിശദ വിവരങ്ങൾക്കും https://recruit.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# കുട്ടികളെ കായികരംഗത്തേക്ക് ആകർഷിക്കാൻ പദ്ധതി വേണമെന്ന് ചാണ്ടിഉമ്മൻ

**ശിവഗിരി:** സംസ്ഥാനത്ത് വർധിച്ചു വരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഫലപ്രദമായ പ്രതിരോധം തീർക്കാൻ കുട്ടികൾക്കും യുവജനങ്ങൾക്കും കായികവിനോദ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കണമെന്ന് പുതുപ്പള്ളി എം.എൽ.എ ചാണ്ടി ഉമ്മൻ പറഞ്ഞു. ഭാവി വികസന പദ്ധതികളുടെ ഭാഗമായി കുട്ടികളെ കായികരംഗത്തേക്ക് ആകർഷിക്കുന്ന സൗകര്യങ്ങൾ ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ഒരുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശിവഗിരി മഠത്തിൽ ബുധനാഴ്ച നടന്ന സ്കൂൾ കിറ്റ് വിതരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ന് നമ്മുടെ കുട്ടികളുടെ ഭാവിക്ക് മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി മയക്കുമരുന്നാണ്. സ്കൂളുകളിലും കോളേജുകളിലും വരെ ലഹരിവസ്തുക്കൾ എത്തുന്ന സാഹചര്യമാണുള്ളത്. ഈ വിപത്തിനെ ചെറുക്കാൻ കുട്ടികൾക്ക് ദിവസവും കളിക്കാനും കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും അവസരം ഉറപ്പാക്കേണ്ടതുണ്ട്. അതാണ് ഏറ്റവും ഫലപ്രദമായ പ്രതിരോധ മാർഗം, ചാണ്ടി ഉമ്മൻ പറഞ്ഞു.

കായിക സംസ്കാരം വളർത്തിയെടുക്കുന്നത് ശാരീരിക ആരോഗ്യത്തിനും മാനസിക വളർച്ചയ്ക്കും മാത്രമല്ല, സാമൂഹിക തിന്മകളിൽ നിന്ന് യുവതലമുറയെ അകറ്റിനിർത്തുന്നതിനും സഹായകരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗുരുദേവൻ ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനോടൊപ്പം ദിവസവും കളിക്കാനും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുമായിരുന്നു അദ്ദേഹം പറഞ്ഞു.

സ്കൂളുകളിൽ എല്ലാ ദിവസവും നിർബന്ധിത പി.ടി. പിരീഡ് നടപ്പാക്കാൻ സംസ്ഥാന സർക്കാർ, പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പ്, നടപടിയെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സ്വാഗതപ്രസംഗം നടത്തിയ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമികൾ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയോടൊപ്പം ബാല്യത്തിൽ ശിവഗിരിയിലെത്തിയിരുന്ന ചാണ്ടി ഉമ്മന്റെ ഓർമ്മകൾ പങ്കുവച്ചു.

ഉമ്മൻ ചാണ്ടി ആദ്യമായി മുഖ്യമന്ത്രിയായപ്പോൾ, സത്യപ്രതിജ്ഞാ ചടങ്ങിന് മുമ്പായി അദ്ദേഹം ശിവഗിരി സന്ദർശിച്ചു. അന്ന് അദ്ദേഹത്തോടൊപ്പം എത്തിയിരുന്ന ബാലനായ ചാണ്ടി ഉമ്മനെ ഇന്നും ഓർക്കുന്നു, സ്വാമി പറഞ്ഞു.

പരിപാടിയിൽ അധ്യക്ഷത വഹിച്ച ട്രസ്റ്റ് പ്രസിഡൻറ് സ്വാമി സച്ചിദാനന്ദ, ചാണ്ടി ഉമ്മന് ശിവഗിരിയുമായും ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളുമായും പ്രത്യേക ആത്മബന്ധമുണ്ടെന്ന് പറഞ്ഞു.

പിതാവിനെപ്പോലെ തന്നെ ചാണ്ടി ഉമ്മനും ശിവഗിരിയുമായി ആത്മീയമായ ബന്ധം പുലർത്തുന്ന വ്യക്തിയാണ്. പലപ്പോഴും ഔപചാരികതകളില്ലാതെ ഇവിടെ എത്തി ശാരദാ മഠത്തിലും വൈദിക മഠത്തിലും സമാധി മന്ദിരത്തിലും ധ്യാനത്തിലിരിക്കാൻ അദ്ദേഹം സമയം കണ്ടെത്താറുണ്ട്. ആ നിലയ്ക്ക് നോക്കുമ്പോൾ, ഇന്നത്തെ രാഷ്ട്രീയ നേതാക്കളിൽ ഏറ്റവും സാത്വികസ്വഭാവമുള്ളവരിൽ ഒരാളായി അദ്ദേഹത്തെ വിശേഷിപ്പിക്കാം, സ്വാമി സച്ചിദാനന്ദ പറഞ്ഞു.

ചടങ്ങിൽ വിവിധ സ്കൂളുകളിൽ നിന്നുള്ള 250 ലധികം വിദ്യാർഥികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു. ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ സംസാരിച്ചു. ഗുരുധർമ്മപ്രചാരണ സഭ സെക്രട്ടറി അസംഗാനന്ദഗിരി സ്വാമികൾ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. വർക്കലബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സന്തോഷ് കുമാർ പങ്കെടുത്തു. യു.എ.ഇയിലെ എ.ഡി.സി.ബി ബാങ്കിന്റെ റീജിയണൽ ഹെഡ് മുഹമ്മദ് അൽബൗൽഷിയും, ഹസ്സാ മുഹമ്മദ് അൽബൗൽഷിയും ചടങ്ങിലെ വിശിഷ്ടാതിഥികളായിരുന്നു. മെഡിമിക്സ് നിർമാതാവും എ.വി.എ ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിങ് ഡയറക്ടറുമായ എ.വി. അനൂപിന്റെ പ്രായോജകത്വത്തിൽ വീരേശ്വരാനന്ദ സ്വാമിയാണ് പരിപാടി സംഘടിപ്പിച്ചത്. എ.വി.എ ഗ്രൂപ്പ് ഓഫ് കമ്പനീസിനെ പ്രതിനിധീകരിച്ച് മുഹമ്മദ് റാഫി പങ്കെടുത്തു.

# സംസ്കൃത സർവകലാശാലയിൽ എഫ്‌വൈയുജിപി: മേജർ മാറ്റം, ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചു; അവസാന തീയതി ജൂൺ 17

**കൊച്ചി:** ശീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ എഫ് വൈ യു ജി പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്റർ പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ നിന്ന് മേജർ മാറ്റത്തിനും എഫ് വൈ യു ജി പ്രോഗ്രാമിന്റെ ഒന്നാം വർഷം വിജയകരമായി പൂർത്തിയാക്കിയ മറ്റ് സർവകലാശാലകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനും അപേക്ഷ ക്ഷണിച്ചു. ഡിസിപ്ലിനറി സ്പെസിഫിക് ഫൗണ്ടേഷൻ കോഴ്സ് അല്ലെങ്കിൽ ജനറൽ ഫൗണ്ടേഷൻ കോഴ്സ് എന്നിവയിൽ ഏതിനെങ്കിലും ബി പ്ലസ് ഗ്രേഡിന് മുകളിൽ ലഭിച്ചിട്ടുള്ളവർക്ക് പ്രസ്തുത വിഷയം മേജറാക്കുന്നതിന് അപേക്ഷിയ്ക്കാവുന്നതാണ്. ഓരോ പഠന വകുപ്പുകളിലും എൻറോൾ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ 10% സീറ്റുകൾ മാത്രമാണ് മേജർ മാറ്റത്തിന് അനുവദിക്കുക. അതിനായി അവശ്യമെങ്കിൽ 10% അധിക സീറ്റുകൾ അനുവദിക്കുന്നതാണ്. അതത് വിഷയങ്ങളിലേയ്ക്കുള്ള മേജർ മാറ്റത്തിന് അപേക്ഷിച്ചവരുടെ റാങ്ക് പട്ടിക തയ്യാറാക്കിയതിൽ നിന്നായിരിക്കും പ്രവേശനം നടത്തുക. മേജർ മാറ്റത്തിനുള്ള അപേക്ഷകൾ, നിലവിലുള്ള വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം സഹിതം ജൂൺ 17ന് മുമ്പ് പ്രവേശനം ലഭിയ്ക്കേണ്ട വകുപ്പിന്റെ മേധാവിക്ക് നൽകേണ്ടതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ഒന്നാം വർഷം വിജയകരമായി പൂർത്തിയാക്കിയ മറ്റ് സർവകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് ഇപ്പോൾ സംസ്കൃത സർവകലാശാലയിലേയ്ക്ക് അപേക്ഷിക്കാം. അക്കാദമിക അടിസ്ഥാന സൗകര്യങ്ങളുടെയും സീറ്റുകളുടെയും ലഭ്യതയ്ക്ക് അനുസരിച്ചായിരിക്കും ഇവർക്ക് മൂന്നാം സെമസ്റ്ററിലേയ്ക്ക് പ്രവേശനം നൽകുക. മാതൃസ്ഥാപനത്തിന്റെ അനുമതി, അപേക്ഷയുടെ കൂടെ ഉണ്ടായിരിക്കണം. മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷകൾ ജൂൺ 17ന് മുമ്പ് സർവകലാശാല വെബ്സൈറ്റിൽ ക്രമീകരിച്ചിട്ടുള്ള ലിങ്ക് മുഖേന നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

# യോഗാ സമ്മേളനം സ്വാഗതസംഘം രൂപീകരിച്ചു

**തിരുവനന്തപുരം:** പന്ത്രണ്ടാമത് അന്തർദേശീയ യോഗാ ദിനാചരണം പ്രമാണിച്ച് ഇൻഡ്യൻ നാച്ചുറോപ്പതി ആൻറ് യോഗാ ഗ്രാജുവേറ്റ്സ് മെഡിക്കൽ അസ്സോസിയേഷൻ (ഇനിഗ്മ) കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ ജൂലൈ രണ്ട് വ്യാഴാഴ്ച 'യോഗാമെഡ്2026' എന്ന പേരിൽ യോഗാ സമ്മേളനം നടത്തുന്നു. അംഗീകൃത ബിരുദവും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും ഉള്ള നാച്ചുറോപ്പതി യോഗ ഡോക്ടർമാരുടെ സംഘടനയാണ് ഇനി ഗ്മ. സമ്മേളന വിജയത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്ചുറോപ്പതി (പൂന) മുൻ ഡയറക്ടർ ഡോ. ബാബു ജോസഫ് ചെയർമാനായും ഡോ. ശ്യാംകുമാർ വൈസ് ചെയർമാനായും ഡോ. ചൈതന്യചന്ദ്രൻ കൺവീനറായും എഴുപത്തഞ്ച് അംഗ സ്വാഗത സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും എന്ന് ഭാരവാഹികൾ അറിയിച്ചു.

സമ്മേളനത്തിന് മുന്നോടിയായി യോഗാദിനമായ ജൂൺ 21 മുതൽ 30 വരെ ഇനിഗ്മ ഡോക്ടർമാർ പൊതുജനങ്ങൾക്കായി സൗജന്യ ഓൺലൈൻ യോഗപരിശീലനവും നല്കുന്നു.

മുൻകൂർ രജിസ്ട്രേഷന് ബന്ധപ്പെടുക: ഡോ. അബിൻ :9496478225.

# മൺസൂൺ ഫെസ്റ്റ്: ബാസ്കറ്റ്ബോൾ ടൂർണമെൻറ്

**ആലപ്പുഴ:** പുന്നപ്ര ജ്യോതിനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ആഭിമുഖ്യത്തിൽ മൺസൂൺ ഫെസ്റ്റ് സീസൺ ടു പ്രൈസ് മണി 3X3 ബാസ്കറ്റ്ബോൾ ടൂർണമെൻറ് സംഘടിപ്പിക്കുന്നു. 20ന് രാവിലെ എട്ടു മുതൽ പുന്നപ്ര ജ്യോതി നികേതൻ ഇൻഡോർ ബാസ്കറ്റ്ബോൾ സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടക്കുക. മികച്ച നിലവാരമുള്ള ഇൻഡോർ സ്റ്റേഡിയത്തിലാണ് പോരാട്ടം അരങ്ങേറുന്നതെന്ന് പ്രിൻസിപ്പൽ സെൻ കല്ലുപുര പറഞ്ഞു.

വിവിധ ക്ലബുകൾക്കും സ്ഥാപനങ്ങൾക്കും ടൂർണമെന്റിൽ പങ്കെടുക്കാം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി മൂന്ന് പ്രായപരിധികളിലാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. അണ്ടർ 18 2009 ജനുവരി ഒന്നിന് ശേഷം ജനിച്ചവർ. അണ്ടർ 16-2011 ജനുവരി ഒന്നിനുശേഷം ജനിച്ചവർ. അണ്ടർ 13-2013 ജനുവരി ഒന്നിനുശേഷം ജനിച്ചവർ. ഒരു ടീമിന് 600 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ടൂർണമെൻറിൽ പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ9400835486, 9446665486.

# ലോക ഭക്ഷ്യസുരക്ഷാ ദിനം: അരുവിത്തുറ കോളജിൽ സംഘടിപ്പിച്ചു



**അരുവിത്തുറ:** ലോക ഭക്ഷ്യ സുരക്ഷാ ദിനത്തോടനുബന്ധിച്ച് കോട്ടയം ജില്ലാ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജസ് കോളജിലെ ഫുഡ് സയൻസ് ഡിപ്പാർട്മെന്റുമായി സഹകരിച്ചു ഭക്ഷ്യ സുരക്ഷ പരിശീലന ക്ലാസും വിദ്യാർഥികൾക്കായി ഭക്ഷ്യ സുരക്ഷ ക്വിസ്സും സംഘടിപ്പിച്ചു. ഭക്ഷ്യ മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സംരംഭകർ, വിവിധ കോളജ് വിദ്യാർഥികൾ എന്നിവർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ദൈനംദിന ജീവിതത്തിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക, 'ഭക്ഷ്യ എണ്ണയുടെ പുനരുപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്നീ വിഷയങ്ങൾ മുൻനിർത്തിയായിരുന്നു പരിശീലനം. കോട്ടയം ജില്ലാ അസിസ്റ്റന്റ് ഭക്ഷ്യ സുരക്ഷ കമ്മിഷണർ അനസ്.എ.എ സെമിനാർ ഉദ്ഘാടനം ചെയ്തു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എംപാനൽഡ് ട്രെയ്നറായ സനുഷ് ചന്ദ്രൻ ക്ലാസുകൾ നയിച്ചു. അരുവിത്തുറ സെന്റ് ജോർജസ് കോളജ് പ്രിൻസിപ്പൽ പ്രഫ. ഡോ. സിബി ജോസഫ്, കോഴ്സ് കോർഡിനേറ്ററായ റവ. ഫാ. ബിജു കുന്നയ്ക്കാട്ട്, ഫുഡ് സയൻസ് ഡിപ്പാർട്മെന്റ് ഹെഡ് മിനി മൈക്കിൾ, ചങ്ങനാശേരി സർക്കിൾ ഫുഡ് സേഫ്റ്റി ഓഫിസർ ഡോ. സ്നേഹ.എസ്.നായർ തുടങ്ങിയവർ പ്രസംഗിച്ചു. സെമിനാറിന് ശേഷം വിദ്യാർഥികൾക്കായി ഭക്ഷ്യ സുരക്ഷ ക്വിസ്സും സംഘടിപ്പിച്ചു




# പുതിയ തലമുറയ്ക്ക് പരിസ്ഥിതിക്ക് ഗുണകരമാകുന്ന രീതിയിൽ ജീവിക്കുവാൻ സാധിക്കണം: ടിജെ വിനോദ്

**കൊച്ചി:** പുതിയ തലമുറയ്ക്ക് പരിസ്ഥിതിക്ക് ഗുണകരമാകുന്ന രീതിയിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കണമെന്ന് ടി.ജെ വിനോദ് എംഎൽ എ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചർ സെന്ററിൽ ലോക പരിസ്ഥിതി ദിനാചരണത്തൊടാനുബന്ധിച്ചു നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരിസ്ഥിതി സംരക്ഷണം ഓരോരുത്തരുടെയും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് പ്ലാവിൻ തൈ നടിലും വൃക്ഷതൈ വിതരണവും അദ്ദേഹം നിർവഹിച്ചു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡണ്ട് ഡി ബി ബിനു അധ്യക്ഷത വഹിച്ചു. അടുത്ത തലമുറയ്ക്ക് ശുദ്ധ വായുവും തണലേകുകയുമാണ് മരങ്ങൾ നടുന്നതിലൂടെ പ്രാവർത്തികമാക്കുന്നതെന്ന് വിദ്യാർഥികൾക്ക് തൈകൾ നൽകിക്കൊണ്ട് മുഖ്യാതിഥി സെന്റ് ജോസഫ്സ് ആശ്രമം സുപ്പീരിയർ ഫാ. മാത്യുകോയിക്കര സി എം ഐ പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ, ചാവറ ഇൻസ്റ്റിറ്റ്യൂട്ട്, ചാവറ ഫിലിം സ്കൂൾ എന്നിവ സംയുക്തമായാണ് പരിസ്ഥിതി പരിപാടി സംഘടിപ്പിച്ചത്.

വീണ്ടും എംഎൽഎയായി തെരഞ്ഞെടുക്കപ്പെട്ട ടി ജെ വിനോദ്നെ ഫാ. മാത്യു കോയിക്കര സി എം ഐ, പൊന്നാട അണിയിച്ച് ആദരിച്ചു.

കൊച്ചി കോർപ്പറേഷൻ കൗൺസിലർ കെവിപി കൃഷ്ണകുമാർ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം ഐ, സേവ സെക്രട്ടറി ഫാ. തോമസ് തേരോട്ടിൽ സി എം ഐ, ഹരിത കേരളം മിഷൻ കൊച്ചി കോഡിനേറ്റർ എ നിസ, ചാവറ ഫിലിം സ്കൂൾ അക്കാദമിക് ഹെഡ് സംവിധായകൻ പ്രജേഷ് സെൻ, അസിസ്റ്റന്റ് ഡയറക്ടറും ഫിനാൻസ് അഡ്മിനിസ്ട്രേറ്ററുമായ ഫാ. എമിൽ പുള്ളിക്കാട്ടിൽ സി. എം. ഐ. എന്നിവർ പ്രസംഗിച്ചു.

# കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ സി ഇ ഒ ഫോറം യോഗം നടന്നു

**കൊച്ചി:** കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ സി ഇ ഒ ഫോറം യോഗം ഹോട്ടൽ റാഡിസൺ ബ്ലൂവിൽ നടന്നു. ചാണ്ടി ഉമ്മൻ എം എൽ എ മുഖ്യാതിഥിയായിരുന്നു. കായികരംഗത്ത് ആസൂത്രിതവും ശക്തവുമായ നിക്ഷേപം നടത്തുന്നതിലൂടെ സംസ്ഥാനത്തെ യുവജനങ്ങളുടെ ഊർജ്ജത്തെ ക്രിയാത്മകമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ കഴിയുമെന്ന് ചാണ്ടി ഉമ്മൻ അഭിപ്രായപ്പെട്ടു. യുവാക്കൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം ആശങ്കാജനകമായി വർധിക്കുന്ന സാഹചര്യത്തിൽ കായികരംഗത്തിന്റെ വളർച്ച ആരോഗ്യകരവും ഫലപ്രദവുമായ ഒരു ബദലാകുമെന്നും അദ്ദേഹം പറഞ്ഞു.

കായിക അടിസ്ഥാനസൗകര്യ വികസനം, പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനുമുള്ള പദ്ധതികൾ, തദ്ദേശതല കായിക സംരംഭങ്ങൾ എന്നിവയിൽ കൂടുതൽ നിക്ഷേപം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇത്തരം ഇടപെടലുകൾ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം ലഹരി ഉപയോഗത്തിനെതിരായ പ്രതിരോധ മാർഗമായും പ്രവർത്തിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.




അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട്, നിക്ഷേപങ്ങളും വ്യവസായങ്ങളും ആകർഷിക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളുമായി മത്സരക്ഷമത നിലനിർത്തണമെങ്കിൽ കേരളം അടിസ്ഥാനസൗകര്യ വികസനത്തിന്റെ വേഗം ഗണ്യമായി വർധിപ്പിക്കേണ്ടതുണ്ടെന്ന് ചാണ്ടി ഉമ്മൻ അഭിപ്രായപ്പെട്ടു. മെച്ചപ്പെട്ട കണക്റ്റിവിറ്റി, ആധുനിക ലോജിസ്റ്റിക് സംവിധാനങ്ങൾ, ലോകോത്തര നഗര അടിസ്ഥാനസൗകര്യങ്ങൾ എന്നിവ കേരളത്തെ ബിസിനസിനും സംരംഭകത്വത്തിനും അനുയോജ്യമായ കേന്ദ്രമായി മാറ്റുന്നതിനുള്ള അനിവാര്യ ഘടകങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

മത ടൂറിസത്തിന്റെ സാധ്യതകളുടെ ഭാഗമായി ജഡായുപ്പാറ പോലുള്ള കേന്ദ്രങ്ങളുടെ വിനോദസഞ്ചാര തീർഥാടന സാധ്യതകൾ ഇനിയും പൂർണമായി പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് ചാണ്ടി ഉമ്മൻ ചൂണ്ടിക്കാട്ടി. ആസൂത്രിതമായ വികസനവും ഫലപ്രദമായ പ്രചാരണവും ഉറപ്പാക്കിയാൽ കേരളത്തിലെ മതപരവും പുരാണ പ്രാധാന്യമുള്ളതുമായ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ ടൂറിസം വരുമാനത്തിൽ ഗണ്യമായ സംഭാവന നൽകുമെന്നും അതോടൊപ്പം സാംസ്കാരിക പൈതൃകം സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് നടന്ന സംവാദത്തിൽ ചേംബർ അംഗങ്ങൾ ചാണ്ടി ഉമ്മനുമായി വിവിധ വിഷയങ്ങളിൽ അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു. കൊച്ചിൻ ചേംബർ പ്രസിഡന്റ് വിനോദിനി സുകുമാർ സ്വാഗതവും കൊച്ചിൻ ചേംബർ വൈസ് പ്രസിഡന്റ് ബിബു പുന്നൂരാൻ നന്ദിയും പറഞ്ഞു.

# ജൂൺ 14ന് ഐഎംഎ ബ്ലഡ് ബാങ്കിൽ രക്തദാന ക്യാംപ് സംഘടിപ്പിക്കുന്നു

**കൊച്ചി:** ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ വനിതാ ഡെന്റൽ കൗൺസിൽ കൊച്ചി ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ ജൂൺ 14ന് രക്തദാന ക്യാംപ് സംഘടിപ്പിക്കുന്നു. എറണാകുളം ഐഎംഎ ബ്ലഡ് ബാങ്കിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന ക്യാംപിലൂടെ സമൂഹത്തിന് സഹായകരമാകാനും ജീവൻ രക്ഷിക്കാനുമുള്ള മഹത്തായ സന്ദേശമാണ് സംഘടന മുന്നോട്ടു വയ്ക്കുന്നത്. രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും യുവതലമുറയിൽ ആരോഗ്യകരമായ സാമൂഹിക പ്രതിബദ്ധതയും സേവന മനോഭാവവും വളർത്തുന്നതിനും ഈ പരിപാടി ലക്ഷ്യമിടുന്നതായി സംഘാടകർ അറിയിച്ചു




# നൈപുണ്യ വികസന സംരംഭകത്വ ശിൽപശാല ഉദ്ഘാടനം ചെയ്തു

**പാലക്കാട്:** പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങളുടെ സാമ്പത്തിക ശാക്തീകരണമാണ് സാമൂഹിക മുന്നേറ്റത്തിനും പ്രാതിനിധ്യത്തിനും അടിത്തറയെന്ന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി പറഞ്ഞു. വകുപ്പ് അയ്യങ്കാളി ഹാളിൽ സംഘടിപ്പിച്ച നൈപുണ്യ വികസന സംരംഭകത്വ ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

പുതിയ ആശയങ്ങളിലൂടെയും നൂതന സാധ്യതകളിലൂടെയും സംസ്ഥാനത്തെ പുതുയുഗത്തിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സർക്കാർ പദ്ധതികൾ ആത്മാഭിമാനത്തോടെ ഉപയോഗപ്പെടുത്തി സ്വന്തം കഴിവും പ്രത്യാശയും കൊണ്ട് കുടുംബത്തിനും സമൂഹത്തിനും പ്രയോജനകരമായ രീതിയിൽ വിദ്യാർഥികൾ മുന്നേറണം. വകുപ്പിന്റെ പദ്ധതികൾ നൂറ് ശതമാനം വിജയത്തിലെത്തിക്കുന്നതിനായി എല്ലാവരും ഒരേ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കണം. വാക്കുകളേക്കാൾ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമാണ് ഇന്നത്തെ കാലത്ത് കൂടുതൽ പ്രസക്തി. ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിലൂടെ ഏത് വെല്ലുവിളിയെയും അതിജീവിക്കാനാകുമെന്നും മന്ത്രി കെ എ തുളസി പറഞ്ഞു.

വിവരസാങ്കേതികവിദ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ സംശയങ്ങൾ പരിഹരിക്കാനും പുതിയ തൊഴിൽ മേഖലകളിലേക്ക് അവരെ പ്രാപ്തരാക്കാനുമാണ് ശിൽപശാല സംഘടിപ്പിച്ചത്. ദേശീയസംസ്ഥാന തലങ്ങളിലെ വിദഗ്ധർ നയിക്കുന്ന ക്ലാസുകളിലൂടെ വിദ്യാർഥികൾക്ക് തൊഴിൽ, നൈപുണ്യ വികസനം, പുതിയ അവസരങ്ങൾ എന്നിവ സംബന്ധിച്ച അറിവ് നേടാനും സംശയങ്ങൾ ദുരീകരിക്കാനുമുള്ള അവസരമാണിതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഡി. ധർമ്മലശ്രീ, അഡീഷണൽ ഡയറക്ടർ സജീവ് വി, എൻഎസ്ഡിസി സ്റ്റേറ്റ് എൻഗേജ്മെന്റ് ഓഫീസർ നിഖിൽ ജോസ്, കെയ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടി വി വിനോദ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ രാജീവ് ജി തുടങ്ങിയവരും ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായി.

പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന ഉന്നതി പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങൾക്കായുള്ള നൈപുണ്യ വികസനം, സംരംഭകത്വം, സ്ഥിരതയുള്ള തൊഴിൽ അവസരങ്ങൾ എന്നിവ ലക്ഷ്യമിട്ടാണ് ഏകദിന ശിൽപശാല നടത്തിയത്. സർക്കാർ സർക്കാരേതര ഏജൻസികളുടെ സഹകരണത്തോടെ സംഘടിപ്പിച്ച ശിൽപശാലയിൽ വിവിധ സ്ഥാപനങ്ങളിലെ വിദ്യാർഥികളും പങ്കെടുത്തു.

# വേൾഡ് മലയാളി കൗൺസിൽ : പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു



**വേൾഡ് മലയാളി കൗൺസിലിൽ ഇന്ത്യ റീജിയൺ 2026 ബിനൈയൽ കോൺഫറൻസിന്റെ ഉദ്ഘാടനം ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ് നിർവ്വഹിക്കുന്നു. വി.കെ. വർഗീസ്, ആശ പോൾ,ആർ.കെ.നായർ, അഡ്വ. കെ.വി.സാബു, ഡോ.ശങ്കർ അയ്യർ, ഡോ.പി.ബി.ബോസ്, അഡ്വ.എം.ജി.ശ്രീജിത്ത്, വിഷ്ണു കർത്ത, ബി.സുബിൻ എന്നിവർ സമീപം.**

**കൊച്ചി:** ഇറാൻ അമേരിക്ക യുദ്ധം ആരംഭിച്ച സമയത്ത് പ്രതിസന്ധിയിലായ മലയാളികൾ ഏറ്റവും കൂടുതൽ ആശ്രയിച്ച സർക്കാർ ഇതര സംഘടന വേൾഡ് മലയാളി കൗൺസിലാണെന്ന് സംഘടനയുടെ ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ് പറഞ്ഞു. കൊച്ചിയിൽ സംഘടിപ്പിച്ച ഇന്ത്യ റീജിയൺ 2026 ബിനൈയൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യുദ്ധം മൂലമോ മറ്റ് സാഹചര്യങ്ങളാലോ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദേശ മലയാളികൾക്ക് ക്ഷേമ ബോർഡ് രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോടും, വിദേശ മലയാളികൾക്ക് വോട്ടവകാശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും യോഗം ആവശ്യപ്പെട്ടു.

വേൾഡ് മലയാളി കൗൺസിൽ കെയർ ആന്റ് സേഫുമായി സഹകരിച്ച് കേരളത്തിലെമ്പാടും ആരോഗ്യ സംരക്ഷണ ബോധവത്കരണം നടത്തുമെന്ന് ഇന്ത്യ റീജിയൺ ചെയർമാൻ അഡ്വ. കെ.വി.സാബു പറഞ്ഞു.



അഡ്വ.കെ.വി.സാബു



അഡ്വ.എം.ജി.ശ്രീജിത്ത്

അഡ്വ.എം.ജി.ശ്രീജിത്ത്, ഡോ. പി.ബി.ബോസ്,ആർ.കെ.നായർ, ഡോ.ശങ്കർ അയ്യർ, വിഷ്ണു കർത്ത, കെ.വി.ഷാജി, അഡ്വ.ജി.പത്മകുമാർ, പ്രൊഫ.മോനമ്മ കോക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജിയൺ യോഗം 2026-27 വർഷത്തെ ഭാരവാഹികളായി അഡ്വ.കെ.വി.സാബു (ചെയർമാൻ) അഡ്വ.എം.ജി.ശ്രീജിത്ത് (പ്രസിഡന്റ്), ആർ.കെ.നായർ (സെക്രട്ടറി), ജിന്നിമോൻ തോമസ് (ട്രഷറർ) ഹമീദ് കോഴിക്കോട് (വൈസ് ചെയർമാൻ), പി.ആർ.വിജയലക്ഷ്മി (വൈസ് പ്രസിഡന്റ്), കെ.വി.ഷാജി (ജോ.സെക്രട്ടറി), പ്രൊഫ.മോനമ്മ കോക്കാട്ട് (വുമൺ ഫോറം പ്രസിഡന്റ്), ലിസി ബൈജു (വുമൺ ഫോറം സെക്രട്ടറി) അഡ്വ. അഖിൽ കാക്കാട്ട് (യൂത്ത് ഫോറം പ്രസിഡന്റ്) എന്നിവരെ തിരഞ്ഞെടുത്തു.

# വയനാട്ടിൽ സിനിമാ വിദ്യാഭ്യാസത്തിന് പുതിയ ദിശ

**പുൽപ്പള്ളി:** മലയാള സിനിമയുടെ പ്രധാന ചിത്രീകരണ കേന്ദ്രങ്ങളിലൊന്നായി വയനാട് മാറിക്കൊണ്ടിരിക്കുകയാണ്. പകൃതിയുടെ മനോഹാരിതയും വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാരണം നിരവധി സിനിമകളുടെയും വെബ് സീരിസുകളുടെയും പ്രിയപ്പെട്ട ലൊക്കേഷനായി ജില്ല മാറിയ സാഹചര്യത്തിൽ സിനിമാ പഠനത്തിനും പ്രഫഷണൽ പരിശീലനത്തിനും കൂടുതൽ പ്രാധാന്യം ലഭിച്ചുവരികയാണ്.

ഈ പശ്ചാത്തലത്തിൽ മാനന്തവാടി തോണിച്ചാലിൽ പ്രവർത്തിക്കുന്ന സത്യജിത് റേ ഇന്റർനാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധേയ സാന്നിധ്യമായി മാറിയിരിക്കുകയാണ്. കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തതും കേരള സർക്കാർ അംഗീകാരം നേടിയതുമായ ഈ സ്ഥാപനം സിനിമാ മേഖലയിലെ വിവിധ സാങ്കേതിക, കലാപര, സൃഷ്ടിപര മേഖലകളിൽ ബിരുദ പഠനത്തിന് അവസരമൊരുക്കുന്നു.

ബിഎ ഫിലിം ഡയറക്ഷൻ ആൻഡ് സ്ക്രിപ്റ്റ് റൈറ്റിംഗ്, ബിഎ സിനിമാറ്റോഗ്രാഫി, ബിഎ ഫിലിം മേക്കിംഗ് ആൻഡ് ആക്ടിംഗ്, ബിഎ ഫിലിം എഡിറ്റിംഗ് ആൻഡ് ഡിഐ, ബിഎ സൗണ്ട് റെക്കോർഡിംഗ് ആൻഡ് സൗണ്ട് ഡിസൈൻ, ബിഎ വിഎഫ്എക്സ് ആൻഡ് ത്രീ ഡി അനിമേഷൻ എന്നീ കോഴ്സുകളാണ് ഇവിടെ ലഭ്യമാകുന്നത്.




സിനിമയുടെ ആശയ രൂപീകരണം മുതൽ തിരക്കഥാരചന, അഭിനയം, കാമറ, എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, വിഷ്വൽ എഫക്ട്സ്, അനിമേഷൻ തുടങ്ങിയ മേഖലകളിൽ പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്ന പഠനരീതിയാണ് സ്ഥാപനത്തിൻറെ പ്രധാന പ്രത്യേകത. ക്ലാസ് മുറികളിലെ പഠനത്തിനപ്പുറം പ്രോജക്ടുകൾ, വർക്ക്ഷോപ്പുകൾ, ഇൻഡസ്ട്രി അധിഷ്ഠിത പരിശീലനങ്ങൾ എന്നിവയിലൂടെ വിദ്യാർഥികൾക്ക് തൊഴിൽ മേഖലയുടെ യഥാർഥ അനുഭവം ലഭിക്കുന്ന തരത്തിലാണ് അക്കാദമിക് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വളർച്ചയോടെ സിനിമ, ഒടിടി, പരസ്യ ചിത്രങ്ങൾ, അനിമേഷൻ, വിഷ്വൽ എഫക്ട്സ്, കണ്ടൻറ് ക്രിയേഷൻ തുടങ്ങിയ മേഖലകളിൽ പരിശീലനം നേടിയ യുവാക്കൾക്ക് കൂടുതൽ അവസരങ്ങൾ തുറന്നുവരുന്നുണ്ട്.

വയനാട്ടിൻറെ വളർന്നുവരുന്ന സിനിമാ സംസ്കാരത്തിനും യുവതലമുറയുടെ സൃഷ്ടിപരമായ സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു വിദ്യാഭ്യാസ കേന്ദ്രമെന്ന നിലയിലാണ് സ്ഥാപനം വിലയിരുത്തപ്പെടുന്നത്. വിദ്യാർഥികൾക്കായി ഹോസ്റ്റൽ സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 79947 30809.



# ശിവഗിരിയെ രാജ്യാന്തര നിലവാരത്തിലേക്കുയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും: മുഖ്യമന്ത്രി

**വർക്കല:** ശിവഗിരിയെ രാജ്യാന്തര നിലവാരത്തിലേക്കുയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. സാമൂഹിക നവോഥാനത്തിന് കരുത്തു പകർന്ന പരിപാവന മണ്ണാണ് ശിവഗിരിയുടേത്. ശ്രീനാരായണ ഗുരു സ്വപ്നം കണ്ട കേരളം യാഥാർഥ്യമാക്കുമെന്ന പ്രതിജ്ഞയാണ് ശിവഗിരി സന്ദർശനവേളയിൽ എടുക്കുന്നതെന്നും മുഖ്യമന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ആദർശ രാഷ്ട്രീയത്തിന്റെ മാതൃകയാണ് മുഖ്യമന്ത്രി വി.ഡി. സതീശനെന്ന് ശിവഗിരി മഠാധിപതി സച്ചിദാനന്ദ സ്വാമി പറഞ്ഞു. കേരളത്തിന്റെ സമഗ്ര പുരോഗതി ജാതി, മത, കക്ഷി ഭേദങ്ങൾക്ക് അതീതമായി സാധ്യമാക്കാൻ മുഖ്യമന്ത്രിക്ക് കഴിയും. ശ്രീനാരായണ ഗുരു വിഭാവനം ചെയ്ത സോദരത്വേന വാഴുന്ന കേരളം സാക്ഷാത്കരിക്കാൻ മുഖ്യമന്ത്രിക്ക് കഴിയട്ടെയെന്നും സച്ചിദാനന്ദ സ്വാമി ആശംസിച്ചു.

ശിവഗിരിയിലെത്തിയ മുഖ്യമന്ത്രിയെ ശിവഗിരി മഠാധിപതി സച്ചിദാനന്ദ സ്വാമി പൊന്നാടയണിച്ച് ആദരിച്ചു. ശിവഗിരി മഠം അധികൃതരുമായും ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ഭാരവാഹികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. തുടർന്ന് മുഖ്യമന്ത്രി ശ്രീനാരായണ ഗുരു മഹാസമാധിയിൽ ദർശനം നടത്തി.

# കർഷകരുടെ ആശങ്കകൾക്ക് അതിവേഗം പരിഹാരം; കൃഷി വകുപ്പിൽ ഹെൽപ്പ് ലൈൻ സംവിധാനവും നിരീക്ഷണ കേന്ദ്രവും ആരംഭിച്ചു

**കോഴിക്കോട്:** സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനങ്ങൾ അപ്രതീക്ഷിതവും തീവ്രവുമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് വേഗത്തിൽ സഹായവും മാർഗനിർദേശവും ലഭ്യമാക്കുന്നതിനായി ഡയറക്ടറേറ്റിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക ഹെൽപ്പ് ലൈൻ സംവിധാനവും സംസ്ഥാനതല നിരീക്ഷണ കേന്ദ്രവും പ്രവർത്തനം ആരംഭിച്ചു. കേന്ദ്രികൃത നിരീക്ഷണ സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ് സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസിൽ നിർവഹിച്ചു. കർഷകരുടെ പരാതികളും സംശയങ്ങളും അടിയന്തരമായി പരിഗണിച്ച് ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനുള്ള ഈ സംവിധാനം കർഷക സമൂഹത്തിന് വലിയ ആശ്വാസമാകുമെന്ന് മന്ത്രി പറഞ്ഞു.

ഇതിനോടനുബന്ധിച്ച്, എയിംസ് പോർട്ടൽ മുഖേന കർഷകർ സമർപ്പിക്കുന്ന അപേക്ഷകളുടെയും നഷ്ടപരിഹാര നടപടികളുടെയും പുരോഗതി തത്സമയം നിരീക്ഷിക്കാൻ കഴിയുന്ന ഡാറ്റാബേസും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കൃഷിനാശ റിപ്പോർട്ടുകൾ, അപേക്ഷകളുടെ നില, നഷ്ടപരിഹാര വിതരണ പുരോഗതി തുടങ്ങിയ വിവരങ്ങൾ ഇനി മുതൽ സംസ്ഥാന തലത്തിൽ നേരിട്ട് വിലയിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും സാധിക്കും.

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോങ്കര എന്നിവിടങ്ങളിൽ ഉണ്ടായ കൃഷിനാശനഷ്ടത്തിന് അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മന്ത്രി നിർദ്ദേശം നൽകി. പ്രകൃതിക്ഷോഭം, രോഗകീട ബാധ, വന്യജീവി ആക്രമണം തുടങ്ങിയ കാരണങ്ങളാൽ കൃഷിനാശം നേരിടുന്ന കർഷകർക്ക് കൈത്താങ്ങാകുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും പ്രകൃതിക്ഷോഭ നഷ്ടപരിഹാര സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനാണ് പുതിയ സജ്ജീകരണങ്ങൾ ലക്ഷ്യമിടുന്നത്. നിലവിൽ പ്രകൃതിക്ഷോഭം/ വിള ഇൻഷുറൻസ് പദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലവിളംബം നേരിട്ടിരുന്നു. അത് പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കൃഷി വകുപ്പ് ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയത്.

പ്രകൃതിക്ഷോഭമുണ്ടാകുന്ന സാഹചര്യങ്ങളിൽ കർഷകർക്ക് ആവശ്യമായ മാർഗനിർദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ ഹെൽപ്പ് ലൈൻ സംവിധാനവും നിരീക്ഷണ കേന്ദ്രവും പ്രവർത്തനസജ്ജമാകുന്നതോടെ കർഷകരുടെ പരാതികൾക്കും അപേക്ഷകൾക്കും കൂടുതൽ വേഗത്തിലും കാര്യക്ഷമമായും പരിഹാരം കാണാൻ സാധിക്കും.

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷുർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിക്കുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കും. കൂടാതെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും പ്രകൃതിക്ഷോഭങ്ങൾക്കായുള്ള അടിയന്തര സഹായ പദ്ധതിയിലൂടെയുള്ള സഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. എയിംസ് പോർട്ടൽ മുഖേന പൂർണമായും ഓൺലൈനായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ, പ്രകൃതിക്ഷോഭം ഉണ്ടായാൽ ബന്ധപ്പെട്ട കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി നഷ്ടം വിലയിരുത്തി 24 മണിക്കൂറിനുള്ളിൽ എഫ്ഐആർ തയ്യാറാക്കി പോർട്ടലിൽ അപ്ലോഡ് ചെയ്യും. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 15 ദിവസത്തിനുള്ളിലും, പ്രകൃതിക്ഷോഭ നഷ്ടപരിഹാര പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 10 ദിവസത്തിനുള്ളിലുമാണ് എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടത്.

കർഷകരുടെ പ്രശ്നങ്ങൾ സർക്കാർ സംവിധാനങ്ങളുടെ ശ്രദ്ധയിൽ ഉടൻ എത്തിക്കുകയും നഷ്ടപരിഹാര നടപടികൾ കാലതാമസമില്ലാതെ ഉറപ്പാക്കുകയും ചെയ്യുന്ന ഈ സംവിധാനം കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾക്കിടയിലും കർഷകരെ ചേർത്തുപിടിക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയുടെ മറ്റൊരു തെളിവാണ്. നിരീക്ഷണ കേന്ദ്രത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി. വി. സുഭാഷ്, കൃഷി വകുപ്പ് ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



# ജലജന്യ രോഗങ്ങൾ: ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്

**കോട്ടയം:** സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഷിഗെല്ലയും കോട്ടയം ജില്ലയിൽ ജലജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി.

മഞ്ഞപ്പിത്തവും വയറിളക്ക രോഗങ്ങളും മറ്റു ജലജന്യ രോഗങ്ങളും ജില്ലയിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മഴ കൂടി വരുന്ന സാഹചര്യത്തിൽ ഇവ കൂടുതൽ ആളുകൾക്ക് ബാധിച്ചേക്കാം.

രോഗ ലക്ഷണങ്ങളുള്ളവർ എത്രയും വേഗം അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ തേടണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ പ്രിയ അറിയിച്ചു.

കുട്ടികളിലും പ്രായമായവരിലും രോഗം ഗുരുതരമാവാൻ സാധ്യതയുള്ളതിനാൽ പ്രത്യേക ശ്രദ്ധയും ജാഗ്രതയും പുലർത്തണം. കുട്ടികളിലും വയോജനങ്ങളിലും നിർജ്ജലീകരണം അപകടസാധ്യത കൂട്ടും.

### എന്താണ് ഷിഗെല്ല രോഗം

ഷിഗെല്ല എന്ന ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്നതുമൂലം കുടലിലുണ്ടാകുന്ന ഒരിനം അണുബാധയാണ് ഷിഗെല്ല രോഗം. വയറിളക്കം,ഛർദി എന്നിവയാണ് പ്രധാന ലക്ഷണം. കുടലിന്റെ ആവരണത്തെ ബാക്ടീരിയ ബാധിക്കുകയും അവിടെ തകരാറുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മറ്റു വയറിളക്ക രോഗങ്ങളെ അപേക്ഷിച്ചു വളെരെ പെട്ടെന്ന് പടർന്നു പിടിക്കാൻ സാധ്യതയുള്ളതിനാൽ പ്രേത്യേക ജാഗ്രത വേണം.

### ലക്ഷണങ്ങൾ

ബാക്ടീരിയ ശരീരത്തിൽ പ്രവേശിച്ച് ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ പറയുന്ന രോഗലക്ഷണങ്ങൾ പ്രകടമായേക്കാം.

- ■ കടുത്ത പനിയോടുകൂടിയ വയറിളക്കം.
- ■ മലത്തിൽ രക്തം, കഫം എന്നിവ കാണപ്പെടുക.
- ■ കടുത്ത വയറുവേദന, വയറ്റിൽ കോച്ചിപ്പിടിത്തം, ഓക്കാനം, ഛർദി, കടുത്ത ക്ഷീണം, ശരീരവേദന.
- ■ കൂടെക്കൂടെ മലമൂത്രവിസർജ്ജനം നടത്തണമെന്ന തോന്നൽ.

### പകരുന്ന വിധങ്ങൾ

- ■ രോഗാണുക്കൾ അടങ്ങിയ മലിനജലം കുടിക്കുകയോ മലിനജലത്തിലത്തിൽ തയ്യാറാക്കുന്ന ഭക്ഷണം കഴിക്കുകയോ ചെയ്യുന്നതിലൂടെ.
- ■ വ്യക്തി ശുചിത്വം പാലിക്കാത്തതു വഴിയും രോഗബാധിതരുമായി നേരിട്ടുള്ള സമ്പർക്കത്തിലൂടെയും.
- ■ ഈച്ചകൾ വഴി.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ■ ആഹാരം പാകം ചെയ്യുന്നതിനും ഭക്ഷണം കഴിക്കുന്നതിനും മുൻപും മലവിസർജ്ജനത്തിനു ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക.
- ■ ആഹാരം മൂടി വെക്കുക. പഴകിയതും തുറന്നു വെച്ചതുമായ ഭക്ഷണം ഒഴിവാക്കുക.
- ■ പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ കഴുകി ഉപയോഗിക്കുക.
- ■ ഭക്ഷണം നന്നായി പാകം ചെയ്ത് ഉപയോഗിക്കുക.
- ■ തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
- ■ തിളപ്പിച്ച വെള്ളത്തിന്റെ കൂടെ തിളപ്പിക്കാത്ത വെള്ളം ചേർത്ത് ഉപയോഗിക്കുന്നതും ശരിയായ രീതിയിൽ തിളപ്പിക്കാതെ കുടിക്കുന്നതും കൂടുതൽ അപകടകരമാണ്.
- ■ രോഗലക്ഷണങ്ങൾ ഉള്ളവർ ഭക്ഷണം തയാറാക്കുന്നത് ഒഴിവാക്കുക.
- ■ രോഗലക്ഷണങ്ങൾ ഉള്ളവരുമായി സമ്പർക്കം കുറയ്ക്കുക. രോഗിക്ക് പ്രത്യേക ശൗചാലയം നൽകുക.
- ■ രോഗി ഉപയോഗിച്ച സാധന സാമഗ്രികളുമായി സമ്പർക്കം പുലർത്താതിരിക്കുക.
- ■ ഡയപ്പറുകൾ സുരക്ഷിതമായി കളയുക, പരിസര ശുചിത്വം പാലിക്കുക.
- ■ തുറസ്സായ സ്ഥലങ്ങളിൽ വിസർജ്ജിക്കാതിരിക്കുക

# 10 ലക്ഷം പഠിതാക്കളെ എഐ വിദഗ്ധരാക്കാൻ സെയിൽസ്ഫോഴ്സ്

**കൊച്ചി:** ലോകത്തിലെ മുൻനിര എഐ കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് ആയ സെയിൽസ്ഫോഴ്സ് 2030ഓടെ ഇന്ത്യയിൽ 10 ലക്ഷം പഠിതാക്കളെ എഐ കേന്ദ്രീകൃത നൈപുണ്യങ്ങളാൽ സജ്ജരാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചു. സെയിൽസ്ഫോഴ്സ് ഇന്ത്യയുടെ സെന്റർ ഓഫ് എക്സലൻസ് പ്രവർത്തനത്തിന്റെ പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് ഈ പ്രഖ്യാപനം.

ഡിജിറ്റൽ സാക്ഷരതയ്ക്കപ്പുറം, ഭാവിയിലെ തൊഴിലവസരങ്ങൾക്കായി ഇന്ത്യയുടെ തൊഴിൽശേഷിയെ സജ്ജമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സെയിൽസ്ഫോഴ്സിന്റെ സൗജന്യ ഡിജിറ്റൽ പഠന പ്ലാറ്റ്ഫോമായ ട്രെയിൽഹെഡിനെ പ്രയോജനപ്പെടുത്തി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ രംഗത്തെ പ്രമുഖർ, സർക്കാർ ഏജൻസികൾ എന്നിവയെ ഒരുമിപ്പിക്കുന്ന വിവിധ തന്ത്രപ്രധാന പരിപാടികളിലൂടെയാണ് ഈ സംരംഭം നടപ്പാക്കുന്നത്.

ഇന്ത്യ എഐ, കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ പിന്തുണയോടെയുള്ള എഐ നൈപുണ്യ വികസന പരിപാടികൾ, എഐസിടിഇ യുമായി ചേർന്നുള്ള വെർച്വൽ ഇന്റേൺഷിപ്പ് പ്രോഗ്രാം, മണിപ്പാൽ അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ചേർന്ന് സെയിൽസ്ഫോഴ്സ് അക്കാദമിക് സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിച്ച് എഐ, സെയിൽസ്ഫോഴ്സ് നൈപുണ്യങ്ങളിലേക്കുള്ള പ്രായോഗിക പഠനാവസരങ്ങൾ വ്യാപിപ്പിക്കുന്നു, അക്സെഞ്ചർ, ഡിലോയിറ്റ്, ഗ്രാന്റ് തോർണ്ടൺ ഭാരത്, ഇൻഫോസിസ്, പിഡബ്ല്യുസി, ടിസിഎസ് എന്നിവ ഉൾപ്പെടുന്ന സെയിൽസ്ഫോഴ്സ് പാർട്ണർ നെറ്റ്വർക്ക്, പരിശീലന കോഴ്സുകൾ, മെന്റർഷിപ്പ്, പ്രായോഗിക പ്രോജക്ട് അനുഭവങ്ങൾ എന്നിവയിലൂടെ തൊഴിൽ അവസരങ്ങളിലേക്കുള്ള നേരിട്ടുള്ള വഴികൾ സൃഷ്ടിക്കുന്നു.

അടുത്ത തലമുറ സാങ്കേതിക നേതാക്കൾ ഇന്ത്യയിൽ നിന്നുതന്നെ ഉയർന്നുവരുമെന്ന് ഉറപ്പാക്കാൻ സെയിൽസ്ഫോഴ്സ് പ്രതിജ്ഞാബദ്ധമെന്ന് സെയിൽസ്ഫോഴ്സ് സൗത്ത് ഏഷ്യ പ്രസിഡന്റും സിഇഒയുമായ അരുന്ധതി ഭട്ടാചാര്യ പറഞ്ഞു.




# 2030–31 സാമ്പത്തിക വർഷം 10,000 കോടിയുടെ വിറ്റുവരവ് ലക്ഷ്യമിട്ട് മിൽമ

**കൊച്ചി:** ക്ഷീരമേഖലയെ പരമാവധി പ്രയോജനപ്പെടുത്തിയും ആഭ്യന്തര രാജ്യാന്തര വിപണികളിൽ സാന്നിധ്യം ശക്തമാക്കിയും 2030– 31 സാമ്പത്തിക വർഷത്തോടെ 10,000 കോടി രൂപയുടെ വിറ്റുവരവ് കൈവരിക്കാൻ ലക്ഷ്യമിട്ട് മിൽമ. കൊച്ചിൻ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (സിസിസിഐ), അൽറ്റാസിറ്റ് ഗ്ലോബലുമായി സഹകരിച്ച് കൊച്ചിയിൽ സംഘടിപ്പിച്ച 'കേരള റീട്ടെയിൽ കോൺക്ലേവ്' ഉദ്ഘാടന സമ്മേളനത്തിൽ മിൽമ ചെയർമാൻ കെ.എസ്. മണി വ്യക്തമാക്കിയതാണ് ഇക്കാര്യം.

കേരളത്തിലെ ക്ഷീരമേഖലയിൽ വൻ നിക്ഷേപ സാധ്യതകളുണ്ടെന്ന് കെ.എസ്. മണി ചൂണ്ടിക്കാട്ടി. പാൽ ഉൽപ്പാദനക്ഷമതയിൽ രാജ്യത്ത് മൂന്നാം സ്ഥാനത്താണ് കേരളത്തിനെങ്കിലും, സംസ്ഥാനത്തെ പാലിന്റെ ആവശ്യകതയുടെ പകുതിയോളം ഇപ്പോഴും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയിലൂടെയാണ് പരിഹരിക്കുന്നത്. ഇത് ഈ മേഖലയിൽ വിപുലീകരണത്തിനും വലിയ തോതിലുള്ള നിക്ഷേപങ്ങൾക്കും അവസരമൊരുക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

2025–26 സാമ്പത്തിക വർഷത്തിൽ 4,344 കോടി രൂപയുടെ വിറ്റുവരവാണ് മിൽമ നേടിയത്. പാലിന്റെ വില്പന വിലയുടെ 83 ശതമാനത്തോളം തുകയും ക്ഷീരകർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്ന കർഷക കേന്ദ്രീകൃത ബിസിനസ് മാതൃകയാണ് മിൽമയുടേത്. ആഗോള വിപണിയിലെ സാന്നിധ്യം വർധിപ്പിക്കുന്നതിനായി ലുലു ഗ്രൂപ്പുമായി മിൽമ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന് പുറമെ രാജ്യത്തുടനീളമുള്ള പ്രമുഖ ഇകോമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ വിപണി വിപുലീകരിക്കാനും മിൽമ പദ്ധതിയിടുന്നുണ്ടെന്ന് ചെയർമാൻ കൂട്ടിച്ചേർത്തു.

അൽറ്റാസിറ്റ് ഗ്ലോബൽ സ്ഥാപകനും സിഇഒയുമായ സുധീർ രാജ രവീന്ദ്രൻ, അസോസിയേറ്റ് പാർട്ണർ അഡ്വ. മഞ്ജു അമ്മനാഥ്, കൊച്ചിൻ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് വിനോദിനി സുകുമാർ, വൈസ് പ്രസിഡന്റ് ബിബു ബി. പുന്നൂരാൻ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഇന്ത്യൻ ഉപഭോക്തൃ സമ്പദ് വ്യവസ്ഥയുടെ ഡിജിറ്റൽ പരിണാമം' എന്ന വിഷയത്തിലുള്ള പാനൽ ചർച്ചയിൽ കേരളത്തിലെ റീട്ടെയിൽ മേഖലയുടെ ദ്രുതഗതിയിലുള്ള മാറ്റങ്ങളെക്കുറിച്ച് വിദഗ്ധർ വിലയിരുത്തി. കേരളത്തിലെ റീട്ടെയിൽ വിപണിയുടെ വാർഷിക മൂല്യം 3.5 ലക്ഷം കോടി മുതൽ 4.5 ലക്ഷം കോടി രൂപ വരെയാണെന്ന് പാനലിസ്റ്റുകൾ ചൂണ്ടിക്കാട്ടി. സംഘടിത റീട്ടെയിൽ മേഖലയുടെ വ്യാപനം, ഡിജിറ്റൽ പേയ്മെന്റുകൾ, ഫ്രോസൺ കൺവീനിയൻസ് ഫുഡുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം, അനുഭവവേദ്യമായ റീട്ടെയിൽ ഫോർമാറ്റുകൾ, ടയർ2, ടയർ3 വിപണികളുടെ വളർച്ച, പരിസ്ഥിതി സൗഹൃദആരോഗ്യ ഉൽപ്പന്നങ്ങളോടുള്ള താല്പര്യം, പ്രൈവറ്റ് ലേബൽ ബ്രാൻഡുകളുടെ കടന്നുവരവ് എന്നിവയാണ് ഈ മേഖലയിലെ പ്രധാന ട്രെൻഡുകൾ.

മൈ ഡിസൈനേഷൻ സിഇഒയും സഹസ്ഥാപകനുമായ സ്വരൂപ് കൃഷ്ണൻ, കപ്പോ ഫുഡ് ഇന്ത്യ സിഇഒ ജോസ് അലക്സ്, വിഎൻജി ഫുഡ്സ് മാനേജിങ് ഡയറക്ടർ ശ്രീനാഥ് വിഷ്ണു, സിജിഎച്ച് എർത്ത് സിഇഒ മൈക്കൽ ഡൊമിനിക് എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. കേരള റീട്ടെയിൽ കോൺക്ലേവിൽ വിവിധ മേഖലകളിൽ മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമുള്ള 'സ്പൈസ് കോസ്റ്റ് എക്സലൻസ് അവാർഡുകൾ' വിതരണം ചെയ്തു.

## ഈ ഓണക്കാലം അവിസ്മരണീയമാക്കാം; ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിനും ആകർഷകമായ പാക്കേജുകളുമായി ഐ.ആർ.സി.ടി.സി

**ന്യൂഡൽഹി:** ഭാരത സർക്കാരിന്റെ റെയിൽവേ മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് (IRCTC) വരുന്ന ഓണാവധി പ്രമാണിച്ച് അത്യാകർഷകമായ യാത്രാ പാക്കേജുകൾ പ്രഖ്യാപിച്ചു. ഉത്തരേന്ത്യയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കിയുള്ള ഭാരത് ഗൗരവ് പ്രത്യേക ടൂറിസ്റ്റ് ട്രെയിൻ സർവീസും, വിവിധ ആഭ്യന്തര അന്തർദേശീയ വിമാനയാത്രാ പാക്കേജുകളുമാണ് ഈ ഓണക്കാലത്ത് യാത്രക്കാർക്കായി ഒരുക്കിയിരിക്കുന്നത്.

### ഓണം സ്പെഷ്യൽ: ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ (12 ദിവസം)

ഈ വരുന്ന ഓഗസ്റ്റ് 22ന് കേരളത്തിൽ നിന്ന് പുറപ്പെട്ട് സെപ്റ്റംബർ 2ന് തിരിച്ചെത്തുന്ന രീതിയിലാണ് ഭാരത് ഗൗരവ് ട്രെയിൻ യാത്ര ക്രമീകരിച്ചിരിക്കുന്നത്.

**സന്ദർശിക്കുന്ന സ്ഥലങ്ങൾ:** അഹമ്മദാബാദിലെ സബർമതി ആശ്രമം, അദലാജ് സ്റ്റെപ്പ് വെൽ, റാണി കി വാവ്, അക്ഷർധാം ക്ഷേത്രം, ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ ഏകതാ നഗറിലെ 'സ്റ്റാച്യു ഓഫ് യൂണിറ്റി', ഡൽഹിയിലെ ചെങ്കോട്ട, രാജ് ഘട്ട്, ലോട്ടസ് ടെംപിൾ, കുത്ബ് മിനാർ, ഇന്ത്യാ ഗേറ്റ്, ആഗ്രയിലെ താജ് മഹൽ, ജയ്പൂരിലെ അംബർ കോട്ട, സിറ്റി പാലസ്, ജന്തർ മന്തർ, ഹവാ മഹൽ.

**കേരളത്തിലെ ബോർഡിംഗ് സ്റ്റേഷനുകൾ:** തിരുവനന്തപുരം നോർത്ത്, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, ഷൊർണൂർ ജംഗ്ഷൻ, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം.

**യാത്രാ ക്ലാസുകളും നിരക്കുകളും:** യാത്രക്കാരുടെ സൗകര്യാനുസരണം നാല് ക്ലാസുകൾ ലഭ്യമാണ്. മൂന്ന് നേരത്തെ വെജിറ്റേറിയൻ ഭക്ഷണം, ടൂർ എസ്കോർട്ട്, സുരക്ഷാ ജീവനക്കാരുടെ സേവനം, യാത്രാ ഇൻഷുറൻസ് എന്നിവ ഈ നിരക്കിൽ ഉൾപ്പെടുന്നു.

**ഇക്കണോമി (21,190/):** നോൺ എ.സി സ്ലീപ്പർ ട്രെയിൻ യാത്ര, നോൺ എ.സി ബജറ്റ് ഹോട്ടലുകളിൽ താമസം, നോൺ എ.സി വാഹന യാത്ര.

**സ്റ്റാൻഡേർഡ് (31,720/):** 3ടയർ എ.സി ട്രെയിൻ യാത്ര, എ.സി ബജറ്റ് ഹോട്ടലുകളിൽ താമസം, നോൺ എ.സി വാഹന യാത്ര

**കംഫർട്ട് (37,570/):** 3ടയർ എ.സി ട്രെയിൻ യാത്ര, എ.സി ബജറ്റ് ഹോട്ടലുകളിൽ താമസം, എ.സി വാഹന യാത്ര.

**സുപ്പീരിയർ (52,870/):** 2ടയർ എ.സി ട്രെയിൻ യാത്ര, ത്രീ സ്റ്റാർ ഹോട്ടൽ താമസം, എ.സി വാഹന യാത്ര.

### സിംഗപ്പൂർ, മലേഷ്യ അന്താരാഷ്ട്ര വിമാന യാത്ര (9 ദിവസം)

**സിംഗപ്പൂർ, മലേഷ്യ:** ഈ രണ്ട് രാജ്യങ്ങളിലെയും അത്ഭുതക്കാഴ്ചകൾ ആസ്വദിക്കാൻ അവസരമൊരുക്കുന്ന പാക്കേജ് ഓഗസ്റ്റ് 14ന് കൊച്ചിയിൽ നിന്നും പുറപ്പെടുന്നു. നിരക്ക്: എല്ലാ ചെലവുകളും ഉൾപ്പെടെ ഒരാൾക്ക് 1,55,200/.

### ആഭ്യന്തര വിമാനയാത്രാ പാക്കേജുകൾ

ഇരുവശത്തേക്കുമുള്ള വിമാന ടിക്കറ്റുകൾ, എ.സി വാഹനം, ഭക്ഷണം ഉൾപ്പെടെയുള്ള ഹോട്ടൽ താമസം, യാത്രാ ഇൻഷുറൻസ് എന്നിവ എല്ലാ വിമാന പാക്കേജുകളിലും ഉൾപ്പെടുന്നു.

**കശ്മീർ (6 ദിവസം):** ശ്രീനഗർ, പഹൽഗാം, ഗുൽമർഗ്, സോൻമാർഗ് എന്നിവ സന്ദർശിക്കാം. ഓഗസ്റ്റ് 22ന് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്ന് പുറപ്പെടുന്നു. നിരക്ക്: 53,850/ മുതൽ.

**ഹൈദരാബാദ് (4 ദിവസം):** ഹൈദരാബാദിലെ പ്രധാന ടൂറിസ്റ്റ് ആകർഷണങ്ങളും രാമോജി ഫിലിം സിറ്റിയും സന്ദർശിക്കാം. ഓഗസ്റ്റ് 27ന് കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിൽ നിന്ന് പുറപ്പെടുന്നു. നിരക്ക്: 26,250/ മുതൽ.

**അരുണാചൽ പ്രദേശ് അസം (9 ദിവസം):** വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ഭംഗി ആസ്വദിക്കാം. സെപ്റ്റംബർ 15ന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിൽ നിന്ന് പുറപ്പെടുന്നു. നിരക്ക്: 60,100/ മുതൽ.

**സൗകര്യം:** കേന്ദ്ര / സംസ്ഥാന സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഭാരത് ഗൗരവ് ട്രെയിൻ ടൂർ, ആഭ്യന്തര വിമാന യാത്രാ പാക്കേജുകൾ എന്നിവയ്ക്ക് LTC സൗകര്യം ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും ബന്ധപ്പെടുക:

**വെബ്സൈറ്റ്:** www.irctctourism.com

**ഫോൺ നമ്പറുകൾ:** തിരുവനന്തപുരം 8287932095/2,എറണാകുളം: 287932082 / 24,കോഴിക്കോട്: 8287932098 / 114

സൊസൈറ്റി ടുഡേ
SOCIETY TODAY







# മോട്ടോറോള മോട്ടോ ജി37, ജി37 പവർ സ്മാർട്ട്ഫോണുകൾക്ക് പ്രത്യേക ഓഫർ

## വില 13,999 രൂപ മുതൽ

**ന്യൂഡൽഹി:** മോട്ടോറോള തങ്ങളുടെ മോട്ടോ ജി37, മോട്ടോ ജി37 പവർ 5ജി സ്മാർട്ട്ഫോണുകൾക്ക് പരിമിതകാല പ്രത്യേക ഓഫർ പ്രഖ്യാപിച്ചു. ഓഫറിന്റെ ഭാഗമായി മോട്ടോ ജി37 പവർ സ്മാർട്ട്ഫോൺ 15,999 രൂപ മുതലും മോട്ടോ ജി37 13,999 രൂപ മുതലുമാണ് ലഭ്യമാകുക. ഫ്ലിപ്കാർട്ട്, Motorola.in, രാജ്യത്തെ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴിയാണ് വിൽപ്പന.

7000എംഎഎച്ച് ബാറ്ററിയും 33 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗ് സംവിധാനവും ഉൾക്കൊള്ളുന്ന മോട്ടോ ജി37 പവർ ഒരു ചാർജിൽ മൂന്ന് ദിവസം വരെ ബാറ്ററി ബാക്കപ്പ് നൽകുമെന്ന് കമ്പനി അവകാശപ്പെട്ടു. മീഡിയാടെക് ഡൈമെൻസിറ്റി 6400 പ്രോസസറാണ് ഫോണിന് കരുത്തേകുന്നത്. 5ജി കണക്റ്റിവിറ്റി, ഗൂഗിൾ ജെമിനി, സർക്കിൾ ടു സെർച്ച് തുടങ്ങിയ എഐ ഫീച്ചറുകളും ഫോണിലുണ്ട്.

കോർണിംഗ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം, എംഐഎൽഎസ്ടിഡി810എച്ച് മിലിട്ടറി ഗ്രേഡ് സർട്ടിഫിക്കേഷൻ, ഐപി64 വാട്ടർ റെസിസ്റ്റന്റ് ഡിസൈൻ എന്നിവയും ഫോണിന്റെ പ്രധാന സവിശേഷതകളാണ്. 6.7 ഇഞ്ച് 120ഹേർട്സ് ഡിസ്പ്ലേ, ഡോൾബി അറ്റ്മോസ് സ്റ്റീരിയോ സ്പീക്കറുകൾ, 50എംപി എഐ ക്യാമറ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മോട്ടോ ജി37 പവറിന്റെ 4ജിബി+128ജിബി വേരിയന്റ് 15,999 രൂപയ്ക്കും, 8ജിബി+128ജിബി വേരിയന്റ് ബാങ്ക് ഓഫറുകൾ ഉൾപ്പെടെ 19,999 രൂപയ്ക്കുമാണ് ലഭ്യമാകുക. വില വർധന തുടരുന്ന സ്മാർട്ട്ഫോൺ വിപണിയിൽ 20,000 രൂപയിൽ താഴെ മികച്ച മൂല്യം നൽകുന്ന 5ജി സ്മാർട്ട്ഫോണായാണ് ഈ മോഡലിനെ കമ്പനി അവതരിപ്പിച്ചിരിക്കുന്നത്.

# സെമികണ്ടക്ടർ, ബാറ്ററി നിർമാണ പദ്ധതികൾക്കായി സ്റ്റെർലിംഗ് ആൻഡ് വിൽസണും ഷിൻസുങ് ഇ&ജിയും കൈകോർക്കുന്നു

**മുംബൈ:** സെമികണ്ടക്ടർ, ബാറ്ററി, ഡിസ്പ്ലേ നിർമാണ യൂണിറ്റുകൾക്കായുള്ള ക്ലീൻറൂം, ഡ്രൈറൂം എച്ച്വിഎസി പദ്ധതികളിൽ സഹകരിക്കുന്നതിനായി ഇന്ത്യയിലെ പ്രമുഖ എംഇപി, ഇപിസി കമ്പനികളിലൊന്നായ സ്റ്റെർലിംഗ് ആൻഡ് വിൽസണും ദക്ഷിണ കൊറിയൻ കമ്പനിയായ ഷിൻസുങ് ഇ&ജിയും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

പുതിയ സഹകരണത്തിന്റെ ഭാഗമായി സെമികണ്ടക്ടർ, ബാറ്ററി, ഡിസ്പ്ലേ ഫാബ്രിക്കേഷൻ യൂണിറ്റുകൾക്കായുള്ള ക്ലീൻറൂം, ഡ്രൈറൂം എച്ച്വിഎസി സംവിധാനങ്ങളുടെ ടെൻഡറുകളിൽ സംയുക്തമായി പങ്കെടുക്കുകയും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്യും. സ്റ്റെർലിംഗ് ആൻഡ് വിൽസൺന്റെ പ്രാദേശിക വിപണി പരിചയവും ഷിൻസുങ് ഇ&ജിയുടെ പ്രത്യേക സാങ്കേതിക വൈദഗ്ധ്യവും സംയോജിപ്പിക്കുകയാണ് ലക്ഷ്യം.

സെമികണ്ടക്ടർ നിർമാണ രംഗത്ത് ഇന്ത്യയുടെ വളർച്ചാ സാധ്യത കണക്കിലെടുത്ത് ഉയർന്ന സാങ്കേതിക നിലവാരമുള്ള നിർമാണ യൂണിറ്റുകൾക്കുള്ള ആവശ്യകത വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ സഹകരണം. സർക്കാർ പ്രോത്സാഹന പദ്ധതികളുടെ പിന്തുണയോടെ ഇന്ത്യ, സെമികണ്ടക്ടർ നിർമാണത്തിന്റെയും വിതരണ ശൃംഖലയുടെയും പ്രധാന കേന്ദ്രമായി മാറാനുള്ള ശ്രമങ്ങൾ ശക്തമാക്കിയിരിക്കുകയാണ്.

ഈ പങ്കാളിത്തം ഇന്ത്യയിലെയും പശ്ചിമേഷ്യയിലെയും സെമികണ്ടക്ടർ, ബാറ്ററി, ഡിസ്പ്ലേ നിർമാണ മേഖലകളിൽ പുതിയ ബിസിനസ് അവസരങ്ങൾ സൃഷ്ടിക്കുമെന്ന് ഇരു കമ്പനികളും പ്രതീക്ഷ പ്രകടിപ്പിച്ചു.

# എഫ്സിഎൻആർ നിക്ഷേപങ്ങൾക്ക് 6.10% വരെ പലിശ; ഓഫറുമായി പിഎൻബി

**ന്യൂദൽഹി:** പ്രവാസി ഇന്ത്യക്കാർക്കായി (എൻആർഐ) വിദേശ കറൻസി നിക്ഷേപ പദ്ധതിയായ എഫ്സിഎൻആർ(ബി) യുഎസ് ഡോളർ നിക്ഷേപങ്ങളുടെ പലിശനിരക്ക് പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) വർധിപ്പിച്ചു. പുതിയ നിരക്കുകൾ പ്രകാരം അഞ്ച് വർഷ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 6.10 ശതമാനം വരെ വാർഷിക പലിശ ലഭിക്കും.

മൂന്ന് മുതൽ നാല് വർഷത്തിൽ താഴെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 6 ശതമാനവും, നാല് മുതൽ അഞ്ച് വർഷത്തിൽ താഴെ കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് 6.05 ശതമാനവും പലിശ നൽകും. അഞ്ച് വർഷ കാലാവധിയുള്ള നിക്ഷേപങ്ങൾക്കാണ് പരമാവധി 6.10 ശതമാനം പലിശ ലഭിക്കുക.

വിദേശ കറൻസിയിൽ നിക്ഷേപം നിലനിർത്തുന്നതിനാൽ വിനിമയ നിരക്കിലെ ഏറ്റക്കുറച്ചിലുകളിൽ നിന്ന് സംരക്ഷണം ലഭിക്കുമെന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. ഇന്ത്യയിൽ നിലവിലുള്ള നികുതി ചട്ടങ്ങൾക്കനുസൃതമായി പലിശ വരുമാനത്തിന് നികുതിയിളവും ലഭിക്കും. ഓഫർ സെപ്റ്റംബർ 30 വരെ പ്രാബല്യത്തിലുണ്ടാകുമെന്ന് ബാങ്ക് അറിയിച്ചു.

# കല്യാൺ ജുവലേഴ്സ് മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം കൈമാറി

**തൃശൂർ:** തൃശൂർ മുണ്ടത്തിക്കോട് നടന്ന ദാരുണമായ വെടിക്കെട്ട് അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം കല്യാൺ ജൂവലേഴ്സ് കൈമാറി. കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ തൃശൂർ ജില്ലാ കളക്ടറും ജില്ലാ മജിസ്ട്രേറ്റുമായ ശിഖ സുരേന്ദ്രൻ ഐ.എ.എസിന് കളക്ടറേറ്റ് ഓഫീസിൽ വെച്ച് ചെക്ക് കൈമാറുകയും, തുടർന്ന് അദ്ദേഹത്തിൻറെ സാന്നിധ്യത്തിൽ തന്നെ ദുരന്തത്തിനിരയായ 16 കുടുംബങ്ങൾക്കായി തുക വിതരണം ചെയ്യുകയും ചെയ്തു. അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതമാണ് സഹായമായി നൽകിയത്.

മുണ്ടത്തിക്കോട് നടന്ന ദുരന്തം എന്നെ അത്യധികം ദുഖിപ്പിച്ചുവെന്നും ഒരു തൃശൂരുകാരനെന്ന നിലയിൽ ഒരിക്കലും നികത്താനാവാത്ത നഷ്ടം സംഭവിച്ച ആ കുടുംബങ്ങൾക്കൊപ്പം നിൽക്കേണ്ടത് എൻറെ കടമയാണെന്നും കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി. എസ്. കല്യാണരാമൻ പറഞ്ഞു. ബുദ്ധിമുട്ടേറിയ സമയത്ത് ഈ സഹായം അവർക്ക് ചെറിയൊരു ആശ്വാസമാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്റെ ചിന്തകളും പ്രാർത്ഥനകളും ഈ കുടുംബങ്ങൾക്കൊപ്പമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പ്രഖ്യാപിച്ച സഹായം അർഹരായ കുടുംബങ്ങളിലേക്ക് സുഗമമായി എത്തിക്കാൻ ജില്ലാ ഭരണകൂടം നൽകിയ വലിയ പിന്തുണയ്ക്ക് കല്യാൺ ജൂവലേഴ്സ് നന്ദി അറിയിച്ചു.



# മലബാർ ഗോൾഡ് & ഡയമണ്ട്സ് 'നുവ' ഡയമണ്ട് കളക്ഷൻ പുറത്തിറക്കി

**കൊച്ചി:** മലബാർ ഗോൾഡ് & ഡയമണ്ട്സിന്റെ ഏറ്റവും പുതിയ പ്രകൃതിദത്ത വജ്രാഭരണ ശേഖരം 'നുവ' പുറത്തിറക്കി. പ്രകൃതിയിലെ മനോഹരമായ സൃഷ്ടികളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് 'നുവ' രൂപകൽപ്പന ചെയ്തിട്ടുള്ളത്.

18, 14 കാരറ്റുകളിൽ നിർമിച്ചിട്ടുള്ള നുവയിൽ വിവിധ നിറങ്ങളിലുള്ള ജെംസ്റ്റോണുകൾ, സെറാമിക് കളർ ഇനാമലിംഗ്, മൾട്ടിടോൺ റോഡിയം ഫിനിഷുകൾ എന്നിവയിലൂടെ കൂടുതൽ ആകർഷകമാക്കിയ പ്രകൃതിദത്ത ഡയമണ്ടുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ബോളിവുഡ് നടി കരീനാ കപൂർ ഖാനാണ് 'നുവ' വജ്രാഭരണ കളക്ഷന് വേണ്ടിയുള്ള കാമ്പയിന്റെ ഭാഗമാകുന്നത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com